KNANAYADEEPAM

# ക്നാനായ ദീപം

SINCE 1989

Vol: 30 / Issue: 2 February 2019 ₹ :10/-



# 40th DAY OF DEMISE

21-02-2019



# CHEV. PHILIP KURUVILLA (KUNJU)

## Aronnil, Mumbai

BORN ON 25-12-1941

DIED ON 13- 01-2019

In fond remembrance of our dear daddy who left us behind, to be with his heavenly father in enternal peace.........

The void you left in our hearts, will never be filled, but the fond memories you left behind, will give us the strength to go on.

# ക്നാനായ ദീപം

SINCE 1989

2019 ഫെബ്രുവരി പുസ്തകം 30 ലക്കം 2

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം



**Chief Patron**
**H.E. Mor Severios Kuriakose**
Chief Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose, Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparambil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)



**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 7034400176
E-mail:
**kna.deepam@gmail.com**

**Visit www.knanayadeepam.com**


## ഉള്ളടക്കം


**എഡിറ്റോറിയൽ** 04

**വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം** 05

**കുമ്പസാരത്തിന്റെ എഴുപതാണ്ടുകൾ** 06
ഡോ. ഡി. ബാബുപോൾ ഐ.എ.എസ്.

**വിശ്വാസ വീരന്മാർ (കവിത)** 07
ജയിനമ്മ മർക്കോസ് നടുവിലേപറമ്പിൽ

**ഫണ്ടമെന്റലിസ്റ്റ്** 08
കൊച്ചുമോൻ പള്ളിക്കപ്പറമ്പിൽ

**മാതൃകാ കുടുംബജീവിതം** 15
ഫാ. ഡോ. ജയിംസ് തോടത്തിൽ

**സഭ അനുഗ്രഹിക്കപ്പെടുന്നത് എങ്ങനെ?** 18
ഫാ. റോയി മാത്യൂസ്

**അനുഗ്രഹമായ വാർദ്ധക്യം** 20
ഡോ. സുനിൽ ഡി. കുരുവിള

**പരി. മഞ്ഞനിക്കര ബാവ** 22
ഫാ. ജേക്കബ് ഫിലിപ്പ് നടയിൽ

**ഇടയനും ആടുകളും** 23
ലീലാമ്മ ഏബ്രഹാം പാലക്കുടി

**മലർവാടിക്കൂട്ടം** 24

**മാട്രിമോണിയൽ** 40


**ക്നാനായദീപം വരിസംഖ്യ കുടിശ്ശികയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം**

**മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.**

**ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക**

### ക്നാനായ ദീപം അറിയിപ്പുകൾ

നമ്മുടെ പള്ളികളിലെ പൊതു വാർത്തകളും,ഫോട്ടോകളും മറ്റും ദീപത്തിൽ പ്രസിദ്ധീകരിക്കുവാൻ കൊണ്ടുവരുമ്പോൾ ഇടവക വികാരിയുടെ ഒപ്പോടുകൂടി ലഭിക്കുന്നതു മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളു. വരിസംഖ്യകളും പരസ്യ ചാർജുകളും ഓൺലൈനായും അടയ്ക്കാവുന്നതാണ്

**Acc. No. 57004254154**
Knanaya Deepam
IFSC SBI N 0070128
SBI, Chingavanam

# editorial

## എഡിറ്റോറിയൽ



സമാധാനവും, സ്വസ്ഥതയും അഭിലഷിക്കുന്ന ഏതൊരു രാജ്യസ്നേഹിയും ആശ്വാസത്തിന്റെ ദീർഘനിശ്വാസംവിട്ട ദിനങ്ങളായിരുന്നു 2019 ജനുവരി 15-ന് ശേഷമുള്ള ദിവസങ്ങൾ. ശബരിമലയിലെ സ്ത്രീ പ്രവേശനം എന്ന കോടതി വിധിമൂലം സ്വസ്ഥത നഷ്ടപ്പെട്ട മണ്ഡലകാലഘട്ടം പൂർത്തിയാക്കിയപ്പോൾ അല്പം ആശ്വാസമായി. എന്നാലും കാറും കോളും രാജ്യത്തിന്റെമേലും സഭയുടെമേലും നിലനിൽക്കുന്നു. നമ്മുടെ സഭയിൽ ഇന്നു നടക്കുന്നത് എന്താണ്. പിറവം, കോതമംഗലം, കട്ടച്ചിറ, കോലഞ്ചേരി, നെച്ചൂർ ഇപ്പോൾ തൃശൂർ മാന്ദമംഗലം എന്നുവേണ്ട എല്ലായിടത്തേക്കും കോലാഹലങ്ങളും അക്രമങ്ങളും വ്യാപിച്ചുകൊണ്ടിരിക്കുന്നു. സഭയ്ക്കകത്തും, ദേശീയമായും സമാധാനം ഉണ്ടായി എങ്കിൽ മാത്രമേ സഭയുടെ വളർച്ചക്കു ചേർന്ന അന്തരീക്ഷം ഉണ്ടാകുകയുള്ളു. "നാം സർവ്വഭക്തിയോടും ഘനത്തോടും കൂടെ സാവധാനതയും സ്വസ്ഥതയുമുള്ള ജീവിതം കഴിക്കേണ്ടതിന്'' അധികാരികൾക്കുവേണ്ടി പ്രാർത്ഥിക്കണം. ഇനിയും പൂർത്തീകരിച്ചിട്ടില്ലാത്ത സഭയുടെ സുവിശേഷീകരണ ദൗത്യത്തിന്റെ സുഗമമായ നിർവ്വഹണത്തിന് ഇൻഡ്യാ മഹാരാജ്യത്തിൽ ദേശീയ സമാധാനം നിലനിൽക്കേണ്ടത് ഒഴിച്ചു കൂടാത്ത ആവശ്യമാണ്. ആസന്നമായ തിരഞ്ഞെടുപ്പ് അടുത്തുവരുന്ന ഈ കാലത്ത് ദൈവജനത്തിനു വഹിക്കുവാനുള്ള ഏറ്റവും വലിയ പങ്കാളിത്തം ഇതാണ്-പ്രാർത്ഥന. ദേശത്തെ യുദ്ധക്കളമാക്കുന്നതിനുവേണ്ടി അഴിഞ്ഞാട്ടം നടത്തുന്ന ദുർഭൂതങ്ങളുടെ വ്യാപാരത്തെ ആക്രമിച്ചു കീഴ്പ്പെടുത്തുവാൻ മുട്ടിന്മേൽ നിൽക്കുന്ന ദൈവജനത്തിനു കഴിയും. ഫ്രാൻസിൽ (France) രക്ത രൂക്ഷിത വിപ്ളവം പൊട്ടിപ്പുറപ്പെട്ടപ്പോൾ ഇംഗ്ലണ്ടിനെ ഒരു വിപ്ലവത്തിന്റെ വക്കിൽനിന്നും കരകയറ്റിയത് ദൈവ മക്കളുടെ പ്രാർത്ഥനയായിരുന്നു. ഭാരതത്തിലെ സഭയുടെ ഇന്നത്തെ വലിയ ആവശ്യം പീഢയല്ല ഉണർവ്വാണ്. തെക്കു മുതൽ വടക്കുവരെയും കിഴക്കുമുതൽ പടിഞ്ഞാറുവരെ വ്യാപിക്കുന്ന ഉണർവ്വ് ചക്രവാളത്തിൽ ഉരുണ്ടു കൂടുന്ന കാർമേഘങ്ങളെ പിന്മഴക്കുള്ള മേഘമായി മാറ്റുവാൻ പ്രാർത്ഥനക്കേ കഴികയുള്ളു. യഹൂദ ജാതിയെ വംശനാശം ചെയ്യുന്നതിനായി ഹാമാൻ ദുരുപായം പ്രയോഗിച്ചപ്പോൾ ദൈവജനത്തിന്റെ ഉപവാസവും പ്രാർത്ഥനയുമാണല്ലോ ഉദ്ധാരണത്തിനു വഴിയൊരുക്കിയത്. പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കുന്ന, ആരാധിക്കുന്ന ദൈവജനത്തിന്റെ മുമ്പിൽ പാതാളഗോപുരങ്ങൾ ശക്തിപ്പെടുകയില്ല. പ്രാർത്ഥനയാൽ ദുഷ്ടന്റെ ദുരുപായങ്ങളെ അഴിക്കുന്നതിനും, തന്ത്രങ്ങളെ കെട്ടുന്നതിനും, സഭ ജയാളിയായി ഇരിക്കേണ്ടത് ആവശ്യമാണ്. പ്രാർത്ഥിക്കുന്ന സഭയാണ് ജയിക്കുന്ന സഭ. അപകർഷബോധത്തിൽനിന്നും നമുക്ക് ഉണർന്നെഴുന്നേറ്റ് പ്രാർത്ഥനയുടെ മതിലുകളെ കെട്ടിപ്പൊക്കി ജയത്തിന്റെ പുതിയ മണ്ഡലങ്ങളെ വെട്ടിപ്പിടിക്കാം. സാമൂഹിക പരിതസ്ഥിതിയെ കലങ്ങി മറിയുന്ന കടൽ സമാനമാക്കുന്ന ഏറ്റവും ശക്തമായ ഒഴുക്കാണ് വർഗീയതയുടേത്. "ജാതി ജാതിയോട് എതിർക്കും എന്നും നമ്മുടെ കർത്താവ് മുൻകൂട്ടി പറഞ്ഞതാണ്. അനേക മതങ്ങൾക്കു താവളമായ പച്ച വിരിപ്പിട്ട ഈ കൊച്ചു കേരളത്തിൽ അത് എങ്ങനെ നിവർത്തിക്കപ്പെടും എന്നു ഒരു കാലത്തു നാം സംശയിച്ചിരിക്കും. ശങ്കിക്കേണ്ട! അതിന്റെ ശംഖൊലി ഇന്നും എവിടെയും കേൾക്കാം. ഭിന്നമതസ്ഥനെ കണ്ട് ആത്മാർത്ഥതയോടെ പുഞ്ചിരിക്കുന്നവരുടെ എണ്ണം തുലോം കുറഞ്ഞിരിക്കുകയാണ്. നമുക്ക് എല്ലാവരേയും സ്നേഹിക്കാം എല്ലാവരേയും കരുതാം. സഭ പിൻതള്ളപ്പെടാതിരിക്കണമെങ്കിൽ മാറിവരുന്ന സാഹചര്യങ്ങളെ മനസ്സിലാക്കുവാനും ഉയർന്നുവരുന്ന വെല്ലുവിളികളെ നേരിടുവാനും പ്രാപ്തിയുള്ളതാവണം. സാമൂഹ്യ തലത്തിൽ ശീഘ്രതരമായ പരിവർത്തനമാണ് നടക്കുന്നത്. ഇല്ലാത്തവരും ഉള്ളവരും തമ്മിലുള്ള അന്തരം നികത്തുവാൻ സമാധാനപരമായ മാർഗ്ഗങ്ങളേക്കാൾ വിപ്ലവപരമായ പരിപാടികളാണ് ശക്തി പ്രാപിക്കുന്നത്. പഴയവയെ വലിച്ചെറിഞ്ഞ് പുതിയ മൂല്യങ്ങളെ പ്രാപിക്കുവാനുള്ള വെമ്പലാണ് ധാർമ്മിക മണ്ഡലത്തിൽ കാണുന്നത്. നിലവിലുള്ളവയെ അപ്പാടെ നശിപ്പിച്ചെങ്കിൽ മാത്രമേ പുതിയത് ഉരുത്തിരിയും എന്നു വ്യാമോഹിച്ചു യുവലോകം മുമ്പോട്ടു പോകുന്നു. ശാസ്ത്രത്തിന്റെ നേട്ടങ്ങളും അതുമൂലം മനുഷ്യന് കൈവന്നിരിക്കുന്ന സാദ്ധ്യതകളും കണക്കിലെടുത്ത് ദൈവത്തേയും ദൈവീകമൂല്യങ്ങളേയും പുറംതള്ളുവാനുള്ള വെമ്പലും ഇന്നു പ്രകടമാണ്. ഇത്തരത്തിൽ എല്ലാ മണ്ഡലത്തിലും മാറ്റങ്ങളും മറിച്ചിലുകളും, പഴയവയ്ക്ക് ഉലച്ചിലുകളും സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ സഭയ്ക്ക് കൊടുക്കുവാനുള്ള നേതൃത്വം എത്ര വലുതാണ്. "ലോകത്തിന്റെ ഉപ്പാകുന്നു സഭ" എന്നു യേശുക്രിസ്തു പഠിപ്പിച്ചപ്പോൾ ഉപ്പ് മറ്റു വസ്തുക്കളെ എങ്ങനെ സ്വാധീനിച്ച് രുചിപ്പെടുത്തുമോ അതുപോലെ സഭയും അതിന്റെ മൂല്യങ്ങളും മാനദണ്ഡങ്ങളും തത്വങ്ങളുംവഴി സമൂഹത്തെ സ്വാധീനിച്ച് രൂപാന്തരപ്പെടുത്തണം എന്നത്രെ ഉദ്ദേശിച്ചത്. എന്നാൽ സഭ സമൂഹത്തെ അതിന്റെ സ്വാധീന വലയത്തിലും രൂപാന്തര പ്രക്രിയയിലും കൊണ്ടുവരുന്നതിനു പകരം സഭ സമൂഹത്തിനു ദോഷം വരത്തക്കവണ്ണം ഇന്ന് പ്രവർത്തിക്കുന്നത് ലോകത്തിനു കീഴ്പ്പെട്ട് ജീവിക്കുന്നതിനാലാണ്. ലോകത്തെ ജയിച്ച് അധ:പതിപ്പിക്കുന്ന ഇന്നത്തെ പ്രവണത ഉപേക്ഷിച്ചു യേശുക്രിസ്തുവിലുള്ള വിശ്വാസത്തെ ഉയർത്തിക്കാണിച്ച് മുൻപോട്ട് പോകുവാൻ ഇടവരുന്നതിനുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

**പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കുന്ന, ആരാധിക്കുന്ന ദൈവജനത്തിന്റെ മുമ്പിൽ പാതാളഗോപുരങ്ങൾ ശക്തിപ്പെടുകയില്ല. പ്രാർത്ഥനയാൽ ദുഷ്ടന്റെ ദുരുപായങ്ങളെ അഴിക്കുന്നതിനും, തന്ത്രങ്ങളെ കെട്ടുന്നതിനും, സഭ ജയാളിയായി ഇരിക്കേണ്ടത് ആവശ്യമാണ്. പ്രാർത്ഥിക്കുന്ന സഭയാണ് ജയിക്കുന്ന സഭ. അപകർഷബോധത്തിൽനിന്നും നമുക്ക് ഉണർന്നെഴുന്നേറ്റ് പ്രാർത്ഥനയുടെ മതിലുകളെ കെട്ടിപ്പൊക്കി ജയത്തിന്റെ പുതിയ മണ്ഡലങ്ങളെ വെട്ടിപ്പിടിക്കാം.**

ദൈവം അനുഗ്രഹിക്കട്ടെ

**എന്ന് നിങ്ങളുടെ സ്വന്തം റോയി അച്ചൻ**

# വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം



**ഈ** വർഷം ഫെബ്രുവരി 11-ാം തീയതി മൂന്നു നോമ്പും മാർച്ച് 4-ാം തീയതി വലിയ നോമ്പും ആരംഭിക്കും. പരിശുദ്ധ സഭ നോമ്പിന്റെ കാലയളവിലേക്കടുത്തുകൊണ്ടിരിക്കുകയാണ്. സാത്താന്യ വ്യാപാരങ്ങളിൽനിന്നു സഭാ മക്കൾ രക്ഷിതരാകണമെങ്കിൽ നാം ശുദ്ധമുള്ളനോമ്പ് യോഗ്യമായി ആചരിക്കണം. പ്രാർത്ഥനയാലും ഉപവാസത്താലുമല്ലാതെ ഈ ജാതി നീങ്ങിപ്പോകയില്ല, എന്നു നമ്മുടെ കർത്താവ് പഠിപ്പിക്കുന്നു.

തനിക്ക് ഇഷ്ടമുള്ള നോമ്പും ഉപവാസവും എപ്രകാരമുള്ളതെന്നു ദൈവം പ്രവാചകനിലൂടെ തന്റെ ജനത്തെ പഠിപ്പിച്ചു. അന്യായ ബന്ധങ്ങളെയും നുകത്തിന്റെ അടിക്കയറുകളെയും അഴിക്കുക, പീഢിതരെ സ്വതന്ത്രമായി വിട്ടയയ്ക്കുക, എല്ലാ നുകത്തെയും തകർക്കുക. വിശക്കുന്നവന് നമ്മുടെ അപ്പം പങ്കുവയ്ക്കുക, അലഞ്ഞു നടക്കുന്ന സാധുക്കളെ നമ്മുടെ വീട്ടിൽ ചേർത്തുകൊള്ളുക, നഗ്നനെകണ്ടാൽ മടികൂടാതെ അവനെ ഉടുപ്പിക്കുക. നമ്മുടെ രക്തത്തിൽനിന്നു രക്തവും മാംസത്തിൽനിന്നു മാംസവും ആയിരിക്കുന്ന നമ്മുടെ സഹോദരങ്ങൾക്ക് നമ്മെത്തന്നെ മറയ്ക്കാതെ ഇരിക്കുക തുടങ്ങിയ പ്രവർത്തികളാണ് ദൈവസന്നിധിയിൽ അംഗീകാരയോഗ്യമായ നോമ്പ് (യെശയ്യാ. 58).

> **നോമ്പാചരണം സംബന്ധിച്ചു പ്രവാചകനിലൂടെയുള്ള ദൈവത്തിന്റെ അരുളപ്പാടും യേശുക്രിസ്തുവിന്റെ വെളിപ്പെടുത്തലും തമ്മിൽ അഭേദ്യമായ ബന്ധം ഉണ്ട്. ദൈവഹിതം ഇന്നതെന്നു തിരിച്ചറിഞ്ഞു പ്രവർത്തി പഥത്തിൽ കൊണ്ടു വരുന്നവരാണ് യഥാർത്ഥ നോമ്പനുഷ്ഠാനകർ.**

പുതിയ നിയമത്തിൽ ന്യായവിധിയുടെ ദിവസത്തെക്കുറിച്ചു നമ്മുടെ കർത്താവ് പരാമർശിക്കുന്നുണ്ട്. മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധന്മാരുമായി വരുമ്പോൾ താൻ തന്റെ തേജസിന്റെ സിംഹാസനത്തിൽ ഇരിക്കും. ഇടയൻ ചെമ്മരിയാടുകളെയും കോലാടുകളെയും വേർതിരിക്കുന്നതുപോലെ ചെമ്മരിയാടുകളെ വലത്തും കോലാടുകളെ ഇടത്തുമായി നിർത്തും. രാജാവു വലത്തു ഭാഗത്തുള്ളവരോടു എനിക്കു വിശന്നു നിങ്ങൾ ഭക്ഷിപ്പാൻ തന്നു, ദാഹിച്ചു കുടിപ്പാൻതന്നു, നഗ്നനായിരുന്നു ഉടുപ്പിച്ചു, രോഗിയായിരുന്നു കാണ്മാൻവന്നു, തടവിലായിരുന്നു എന്റെ അടുക്കൽ വന്നു. ആയതുകൊണ്ടു നിങ്ങൾ എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരാണ്. ലോക സ്ഥാപനത്തിനു മുമ്പേ ഒരുക്കപ്പെട്ടിരിക്കുന്ന സ്വർഗ്ഗരാജ്യം അവകാശിപ്പിൻ. അപ്പോൾ വലതു ഭാഗത്തുള്ളവൻ ചോദിക്കും; ഞങ്ങളെപ്പോഴാണു കർത്താവേ ഇങ്ങനെയൊക്കെ ചെയ്തത്? ഈ ചെറിയവരിൽ ഒരുവനു ചെയ്തതാണ് നിങ്ങൾ എനിക്കു ചെയ്തത് എന്നാണു കർത്താവിന്റെ മറുപടി (മത്താ. 25:31.40).

നോമ്പാചരണം സംബന്ധിച്ചു പ്രവാചകനിലൂടെയുള്ള ദൈവത്തിന്റെ അരുളപ്പാടും യേശുക്രിസ്തുവിന്റെ വെളിപ്പെടുത്തലും തമ്മിൽ അഭേദ്യമായ ബന്ധം ഉണ്ട്. ദൈവഹിതം ഇന്നതെന്നു തിരിച്ചറിഞ്ഞു പ്രവർത്തി പഥത്തിൽ കൊണ്ടു വരുന്നവരാണ് യഥാർത്ഥ നോമ്പനുഷ്ഠാനകർ. സ്വർഗ്ഗരാജ്യാവകാശം അങ്ങനെയുള്ള വിശ്വാസികൾക്കുമാത്രം അവകാശപ്പെട്ടതാണ്. യാമ പ്രാർത്ഥനകൾ ഉരുവിടുന്നതും സസ്യാഹാരം ഭുജിക്കുന്നതും മാത്രം നോമ്പാചരണമായി കണക്കാക്കാൻ സാധിക്കയില്ല. മറിച്ചു വിശക്കുന്നവന് അപ്പം കൊടുക്കുകയും ദാഹിക്കുന്നവന് കുടിപ്പാൻ കൊടുക്കുന്നതും, അതിഥിയായി വരുന്നവനെ ചേർത്തു കൊള്ളുന്നതും, നഗ്നനെ ഉടുപ്പിക്കുന്നതും, തടവിലായിരിക്കുന്നവരെ സന്ദർശിക്കുന്നതുമായ പ്രായോഗികതലങ്ങളിലൂടെയാണ് നാം നോമ്പാചരിക്കേണ്ടത്. അങ്ങനെയുള്ള നോമ്പാചരണമത്രേ ദൈവസന്നിധിയിൽ സ്വീകാര്യമായിട്ടുള്ളത്. മറ്റൊരർത്ഥത്തിൽ വിശ്വാസികളായ നാം ഒരു പ്രത്യേക കാലയളവിൽ മാത്രമല്ല, ജീവിതകാലം മുഴുവൻ നോമ്പാചരിക്കേണ്ടവരാണ്. എങ്കിൽ പിതാക്കന്മാർ ക്രമീകരിച്ചിരിക്കുന്ന പ്രകാരം, യോനാ പ്രവാചകനോടുള്ള ബന്ധത്തിൽ നിനവേനോമ്പും (മൂന്നുനോമ്പ്) കർത്താവിന്റെ പീഢാനുഭവത്തോടുള്ള ബന്ധത്തിൽ വലിയനോമ്പും ശ്ലീഹന്മാരിൽ തലവന്മാരായ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ രക്തസാക്ഷി മരണത്തോടുള്ള ബന്ധത്തിൽ ശ്ലീഹാനോമ്പും, പരിശുദ്ധ ദൈവമാതാവിന്റെ വാങ്ങിപ്പിനോടുള്ള ബന്ധത്തിൽ ശൂനോയോനോമ്പും കർത്താവിന്റെ ജനനത്തോടു ബന്ധപ്പെട്ട യൽദോനോമ്പും എത്ര അധികമായി നാം ആചരിക്കണം.

നോമ്പാലെ സകല പൈശാചിക ബന്ധനങ്ങളിൽ നിന്നും നാം സംരക്ഷിക്കപ്പെടുമാറാകട്ടെ.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**ആർച്ച്ബിഷപ്പ് സേവേറിയോസ് കുര്യാക്കോസ്**
**വലിയ മെത്രാപ്പോലീത്താ**



ബാർ ഈത്തോ ബ്രീറോ
ഡോ. ഡി. ബാബുപോൾ
ഐ.എ.എസ്.

# കുമ്പസാരത്തിന്റെ എഴുപതാണ്ടുകൾ

നാല് വയസ്സിൽ 23-ാം സങ്കീർത്തനം വായിച്ച് തുടങ്ങിയ വേദപുസ്തക പരിചയം. എനിക്ക് മുട്ടുണ്ടാകയില്ലെങ്കിൽ ഞാൻ എങ്ങനെ നടക്കും എന്ന അന്വേഷണത്തിൽ തുടങ്ങിയ വേദവ്യാഖ്യാന കൗതുകം. അഞ്ചര വയസ്സിൽ മൂന്ന് മെത്രാന്മാർ കൈവയ്പ് നൽകി മദ്ബഹായിൽ ശുശ്രൂഷകനാക്കിയ അതേ ദിവസം മൂന്നാം തുബ്ദേൻ വായിച്ചതിൽ തെളിഞ്ഞ പിതൃശിക്ഷണം. ഇതിന്റെയൊക്കെ തുടർച്ചയായിരുന്നു എന്റെ ആദ്യ കുമ്പസാരം. അന്ന് തികഞ്ഞ വയസ്സ് ഏഴ്.

കുറുപ്പംപടി പള്ളിവക ഹൈസ്കൂളിലെ ഹെഡ്മാസ്റ്റർ ആയിരുന്നു എന്റെ അപ്പൻ പി.എ. പൗലോസ് കത്തനാർ (പിന്നീട് കോറെപ്പിസ്ക്കോപ്പാ, കോറൂസോ ദശറോറോ). സ്കൂളിൽ ആണ്ടുതോറും പൂജയവധിക്കാലത്ത് ധ്യാനയോഗം പതിവാണ്. വെള്ളിയാഴ്ച തുടങ്ങി ഞായറാഴ്ച തീരുന്ന തരം. 1948 ൽ ഞാൻ ആ സ്കൂളിൽ എത്തിയിട്ടില്ല. പ്രൈമറിസ്ക്കൂളിലാണ്. നാലാം ക്ലാസ്. എങ്കിലും ധ്യാനത്തിൽ ചേരാൻ അപ്പൻ നിയോഗിച്ചു. അന്തിയുറങ്ങാൻ വീട്ടിലേക്ക് പോരും എന്ന് മാത്രം.

ആ ധ്യാനയോഗത്തിലാണ് ഞാൻ ആദ്യം കുമ്പസാരിച്ചത്. പ്രശസ്ത പ്രഭാഷകനായിരുന്ന വാലയിൽ ഗീവർഗീസ് കോറെപ്പിസ്ക്കോപ്പ ആയിരുന്നു ധ്യാനഗുരു. കുമ്പസാരത്തിന് ഒരുക്കിയതും അദ്ദേഹം. പാപങ്ങളുടെ പട്ടിക പണ്ട് ശാസ്ത്രിമാർ എന്നതുപോലെ തയ്യാറാക്കി അച്ചടിച്ച ഒരു പുസ്തകം ഉണ്ടായിരുന്നു. അക്കാലത്ത് അത് വായിച്ചിട്ട് പല പാപങ്ങളും എന്താണെന്നുപോലും മനസ്സിലായില്ല! പാപങ്ങൾ ഓർത്തെടുത്ത് പട്ടികയായി കുറിച്ച് ആ കടലാസ് നോക്കി ഏറ്റു പറയാനാണ് ഇളമുറക്കാരായ കുട്ടികളോട് പറഞ്ഞത്. ഞാനും അങ്ങനെ ചെയ്തു. എന്റെ അപ്പനുപോലും ഗുരുതുല്യൻ ആയിരുന്നു വാലയിലച്ചൻ.

അച്ചൻ എന്തു പറഞ്ഞു എന്നോ ഞാൻ എന്താണ് കുമ്പസാരിച്ചത് എന്നാ ഒന്നും ഓർമ്മയില്ല. അന്ന് വൈകിട്ട് വീട്ടിൽ എത്തിയപ്പോൾ എന്റെ അമ്മ എത്ര ആഹ്ലാദവതി ആയിരുന്നു എന്നത് മാത്രം ഓർമ്മയിൽ തെളിയുന്നുണ്ട് ഏഴ് പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും. “നീ എന്നതാകുട്ടാ കുമ്പസാരിച്ചത്” എന്ന് ചോദിച്ചുകൊണ്ട് അമ്മ എന്നെ വാരിപ്പുണർന്നു. ഞാൻ നിക്കറിന്റെ പോക്കറ്റിൽനിന്ന് കടലാസ് എടുത്തുകൊടുത്തു. അമ്മ അത് വായിച്ചപ്പോൾ ഞാൻ നോക്കിനിന്നു. എന്റെ അമ്മയുടെ പുഞ്ചിരി ഇന്നും എന്റെ മനസ്സിലുണ്ട്. 1923ൽ തിരുവിതാംകൂർ രാജ്യത്തിൽ ഒന്നാം റാങ്കോടെ മെട്രിക്കുലേഷൻ ജയിച്ച് ദീർഘകാലം അധ്യാപിക ആയിരുന്ന അമ്മയ്ക്ക് ഏഴ് വയസ്സുകാരന്റെ പാപബോധവും മനോനൈർമ്മല്യവും തിരിച്ചറിയാൻപോന്ന മന:ശാസ്ത്രവിജ്ഞാനം ഉണ്ടായിരുന്നു എന്ന് ഇന്ന് ഞാൻ തിരിച്ചറിയുന്നു.

പിന്നെ കുമ്പസാരം ജീവിതത്തിന്റെ ഭാഗമായി. ഒരിക്കൽ 1955 എന്നാണോർമ്മ, എനിക്കു തോന്നി നീണ്ട മൗദ്യോനൂസോ പ്രാർത്ഥന വായിക്കുന്നത് കൂടിയ അനുതാപത്തിന്റെ തെളിവാകുമെന്ന്. അങ്ങനെ പാമ്പാക്കുട നമസ്ക്കാരത്തിലെ നീണ്ട പ്രാർത്ഥന വായിക്കാൻ തുടങ്ങി. വായിച്ചു വന്നപ്പോൾ കാണാം ചെയ്യാത്ത പാപങ്ങൾ ചെയ്തു എന്ന് വായിക്കണം.



‘ഞാൻ ബസ്ക്യാമ്മമാരോടുകൂടി അശുദ്ധപ്പെട്ടു’ എന്ന് തുടങ്ങിയ കുറ്റസമ്മതങ്ങൾ. ഞാൻ കരഞ്ഞു. ചാന്തിയത്തിലച്ചൻ ആശ്വസിപ്പിച്ചു. പിന്നെയും നിർത്താത്തതിനാൽ ഭാഗ്യത്തിന് ബസ്ക്യാമ്മക്കഥ വായിച്ചപ്പോളാവാം ആ നല്ല അച്ചനും ദേഷ്യം വന്നു. ‘വായിച്ചതുമതി, ഇനീം ആളൊണ്ട് ഒരുപാട്, പറയാനുള്ളത് വേഗം പറ’ എന്ന് അദ്ദേഹം ശാസിച്ചപ്പോൾ ഞാൻ രക്ഷപ്പെട്ടു എന്ന് പറഞ്ഞാൽ മതിയല്ലോ.

ഇക്കൊല്ലം എനിക്ക് 78 വയസ് തികയും. ഈ ഏഴ് പതിറ്റാണ്ടിന്റെ അനുഭവം എന്നെ പഠിപ്പിച്ചിട്ടുള്ളത് കുമ്പസാരമാണ് ദൈനംദിനജീവിതത്തെ ക്രമീകരിക്കാനുതകുന്ന സംഗതികളിൽ ഏറ്റവും മനോഹരമായത് എന്നാണ്.

കുമ്പസാരപിതാവിന്റെ പ്രായമോ പാണ്ഡിത്യമോ പ്രശ്നമല്ല. പബ്ളിക് സർവ്വീസ് കമ്മീഷന്റെ നൂലാമാലകൾ കൂടാതെ കിട്ടാവുന്ന മാന്യമായ പണി എന്ന് വൈദികവൃത്തിയെ നിർവ്വചിക്കാത്തവരായിരിക്കണം എന്ന് മാത്രം. എന്റെ ഓർമ്മയിൽ ബാക്കി നിൽക്കുന്നവരിൽ ഒ.സി. വർഗീസ് അച്ചൻ, മദ്രാസ് യൂണിവേഴ്സിറ്റിയിലെ ഗോൾഡ് മെഡലിസ്റ്റ്, ജോഷ്വാ അച്ചൻ, പ്രശസ്ത വാഗ്മിയും എഴുത്തുകാരനും, തിരുവനന്തപുരം ക്നാനായ പള്ളിയിലെ കെ.

സി. മാത്യൂസ് അച്ചൻ, വെറും പത്താം ക്ലാസ്സ്, ഈയിടെ നിര്യാതനായ ഈപ്പനച്ചനും ഏതാണ്ടതുപോലെ: കുമ്പസാരപിതാവിന്റെ ജീവിതമാണ് പ്രധാനം, ബയോഡേറ്റയല്ല.

എന്റെ അപ്പൻ അമ്പത്തഞ്ച്കൊല്ലം കുമ്പസാരം കേട്ട വ്യക്തിയാണ്. അപ്പൻ പറഞ്ഞിട്ടുള്ളത് കേൾക്കുന്ന കുമ്പസാരങ്ങൾ താനായിട്ട് ഓർത്തുവയ്ക്കാറില്ല എന്നല്ല, അത് ഓർമ്മയിൽ തങ്ങാറില്ല എന്നാണ്. അത് പരിശുദ്ധാത്മാവിന്റെ പ്രവൃത്തിയാണ്. ഔഗേൻബാവ ആയിരുന്നു അപ്പന്റെ മല്പാൻ. കുമ്പസാരിപ്പിക്കാൻ ഇരിക്കുന്നതിന് മുമ്പ്, കുമ്പസാരിക്കാൻ മുട്ടുകുത്തുന്നതിനുമുൻപ്എന്നതിന്റെ പല മടങ്ങ് ഒരുക്കവും പ്രാർത്ഥനയും വേണം എന്ന് ബാവാ ശെമ്മാശന്മാരെ പഠിപ്പിച്ചു. സ്വന്തം ജീവിതത്തിലേയ്ക്ക് തിരിഞ്ഞു നോക്കി ദൈവ സന്നിധിയിൽ വിനയപ്പെടണം. ദൈവം പാപങ്ങൾ ക്ഷമിച്ച് മായിച്ച് ഇല്ലായ്മ ചെയ്യുന്നവൻ മാത്രമല്ല അവ ഓർക്കാതിരിക്കുന്നവനും ആണ് എന്നതിനാൽ കേൾക്കുന്ന പാപങ്ങൾ മനസ്സിൽ താങ്ങാതിരിക്കാനുള്ള കൃപയ്ക്കായി മുട്ടിപ്പായി പ്രാർത്ഥിക്കാതെ ആരും കുമ്പസാരിപ്പിക്കാൻ പുറപ്പെടരുത് എന്ന് ആ മല്പാൻ പഠിപ്പിച്ചത് അച്ചൻ അവസാനം വരെ പാലിച്ചു. അത് പുതിയ വൈദികർക്ക് പാഠമാവണം. കുമ്പസാരിക്കാതെ കുമ്പസാരിപ്പിക്കരുത് എന്ന് മൊത്തത്തിൽ പറയാം.

പാതിനോമ്പ് കഴിയുമ്പോൾ തിരുവനന്തപുരത്തെ കൊച്ചമ്മമാരുടെ ചർച്ച ഏതച്ചനാണ് കേൾവി ഏറ്റവും കുറവ് എന്ന വിഷയത്തിലാണ് എന്ന് എന്റെ സ്വർഗ്ഗസ്ഥപത്നി തമാശ പറയുമായിരുന്നു. പൊതുയോഗത്തിൽ 'രണ്ട് വർത്തമാനം പറയാൻ കുമ്പസാരിക്കുന്ന പുരുഷന്മാരും ഉണ്ടല്ലൊ. എന്നാൽ കുമ്പസാരം വിശുദ്ധമായി കരുതുന്ന വിശ്വാസിയും കുമ്പസാരം കേൾക്കുന്നത് ദൈവികമായി കരുതുന്ന വൈദികനും ഒത്തു ചേരുമ്പോൾ സ്വർഗ്ഗം സന്തോഷിക്കും. ●

## പൗരോഹിത്യ സിൽവർ ജൂബിലി ആഘോഷിച്ചു



പൗരോഹിത്വത്തിന്റെ 25-ാം വർഷം (സിൽവർ ജൂബിലി) ആഘോഷിക്കുന്ന ബഹു. കെ. എ. ചെറിയാൻ കൂട്ടോത്ര അച്ചനെ മാതൃഇടവകയായ പുനലൂർ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ ആദരിച്ചു. 20-01-2019 ഞായറാഴ്ച ബഹു. അച്ചൻ വി. ബലി അർപ്പിക്കുകയും തുടർന്ന് നടന്ന പൊതുസമ്മേളനത്തിൽ മുഖ്യ അതിഥിയായി പുനലൂർ രൂപതാ മെത്രാപ്പോലീത്താ മാർ സെൽവിസ്റ്റർ പൊന്നുമുത്തൻ പങ്കെടുക്കുകയും, വികാരി ഫാ. സിജിൽ ജോസ് വിലങ്ങൻപാറ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു.

# വിശ്വാസ വീരന്മാർ

**ജയിനമ്മ മർക്കോസ്**
**നടുവിലേപറമ്പിൽ**

യാക്കോബിൻ നേർച്ച കേട്ടതാം ദൈവം
അന്നവസ്ത്രങ്ങൾ നൽകിക്കൊണ്ട്
യിസ്രായേൽ എന്ന പേരും കൊടുത്തു
കുടുംബത്തോടൊപ്പം മടക്കി വരുത്തി
നേട്ടങ്ങളൊക്കെ കോട്ടങ്ങളായപ്പോൾ
ബഹുക്കുക്ക് ദൈവത്തെ പാടി സ്തുതിച്ചു
കഷ്ടത്തിൽ കൂടെ ഇരിക്കുന്ന ദൈവമേ
നീ മാത്രം ഞങ്ങൾക്ക് ശക്തി കേന്ദ്രം
അവൻ എന്നെ കൊന്നാലും
ഞാൻ, അവനെ കാത്തിരിക്കും
എന്നുള്ള ഇയ്യോബിൻ വിശ്വാസം
തന്നു, നീ ഞങ്ങളെ പാലിച്ചീടൂ (2)
കർത്തന്റെ പ്രിയനാം യോഹന്നാനെ
തിളയ്ക്കുന്ന എണ്ണയിലിട്ടപ്പോഴും
ദൈവത്തിൽ ദർശനം കാട്ടിയില്ലേ?
സ്വർഗ്ഗത്തിൽ ദർശനം കാട്ടിയില്ലേ?
ദാവീദിൻ ദൈവമേ ഇറങ്ങി വന്ന്
നിന്നുടെ മക്കൾക്ക് കോട്ട കെട്ടി
തലമുറയ്ക്കു ദോഷം ചെയ്തിടുന്ന
ഗോലിയാത്തിനെ വെട്ടി വീഴ്ത്തു.
മനം കൊണ്ടു പാപം വെറുത്തിടേണം
ആത്മ ദാഹത്തോടെ പ്രാർത്ഥിക്കേണം
കുർബ്ബാന അപ്പം ഭക്ഷിക്കേണം
തൽക്ഷണം റൂഹാ നയിച്ചിടുമേ
ലൗകിക ചൂളയിലുരുകുന്ന മക്കളെ
സാന്ത്വനമേകി സുഖപ്പെടുത്തു
അന്നം തേടി ഓടുന്ന മക്കളെ
മാറോടു ചേർത്തു വളർത്തീടുക
നിന്നുടെ മക്കടെ ഓരോ ഭവനവും
താബോർ മലയായി തീർന്നിടട്ടേ
ദൈവീക ജ്ഞാനം നിറഞ്ഞുകൊണ്ട്
ചുറ്റും പ്രകാശം വിതറിടട്ടേ
ഹല്ലേലുയ്യാ സ്തുതി പാടിടുവാൻ
നാവിനു ശക്തി തന്നിടുക
പാപത്തിൽ നിന്നും മോചനം നേടാൻ
കാരുണ്യവാനേ ഇറങ്ങി വരൂ.
അജപാലന ദൗത്യം ഏറ്റൊരു മക്കൾ
ഉറപ്പും ധൈര്യവും പ്രാപിച്ചുകൊണ്ട്
ഭക്തരാം മക്കളെ വാർത്തെടുക്കാൻ
വിശ്വാസ വീരരായി തീർന്നിടട്ടെ ●

# ഫണ്ടമെന്റലിസ്റ്റ്

കൊച്ചുമോൻ പള്ളിക്കപറമ്പിൽ

വേദവാക്യങ്ങളുടെ അർത്ഥം അക്ഷരാർത്ഥത്തിൽ മാത്രം ചിന്തിക്കുന്നവരെ ഫണ്ടമെന്റലിസ്റ്റ് എന്നാണു വിളിക്കപ്പെടുന്നത്. സന്ദർഭത്തിനനുസരിച്ചുള്ള ശരിയായ അർത്ഥത്തിൽ എടുക്കാത്ത ചില സഭകളുടെ പഠിപ്പിക്കലുകളെ വിശകലനം ചെയ്ത് നോക്കാം.

ചില നവീന സഭകൾ 1 പത്രോസ് 3:3ൽ നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും, പൊന്നണിയുന്നതും, വസ്ത്രം ധരിക്കുന്നതും, ഇങ്ങനെ പുറമെയുള്ളതായിരിക്കരുത്. പിന്നെയോ സൗമ്യതയും, ശാന്തതയുമുള്ളവരായിരിക്കണമെന്നും, ഇങ്ങനെയല്ലോ പണ്ട് വിശുദ്ധ സ്ത്രീകൾ തങ്ങളെത്തന്നെ അലങ്കരിച്ച് ഭർത്താക്കന്മാർക്ക് വിധേയരായിരുന്നു. അങ്ങനെ സാറാ അബ്രഹാമിനെ യജമാനൻ എന്ന് വിളിച്ച് അനുസരിച്ചിരിക്കുന്നു. ഈ ഭാഗം അക്ഷരാർത്ഥത്തിൽ മാത്രം മനസിലാക്കിയിട്ട് ആഭരണങ്ങൾ ധരിക്കാറില്ല. എന്നാൽ അതിനോട് ചേർന്നുള്ള തലമുടി പിന്നരുതെന്ന് പറഞ്ഞിരിക്കുന്നത് പാലിക്കുന്നില്ലതാനും, അതുപോലെതന്നെ വലിയ വില കൂടിയ വസ്ത്രങ്ങൾ ധരിക്കുകയും ചെയ്യുന്നതു കാണാം. മാലയും കമ്മലും ഉപേക്ഷിച്ച് ജയിൽ ശിക്ഷക്കു വിധിക്കപ്പെട്ടവരെപോലെ നടക്കുന്നതു കണ്ടിട്ടില്ലേ? എല്ലാ സ്ത്രീകളും ഭർത്താക്കന്മാരെ എങ്ങിനെ സന്തോഷിപ്പിക്കാമൊ അപ്രകാരം ചെയ്യണമെന്നും ഭാര്യയുടെ ശരീരത്തിന്മേൽ അവൾക്കല്ല ഭർത്താവിനത്രേ അധികാരം എന്നും പൗലൊസ് പറഞ്ഞിരിക്കുന്നത് ഭർത്താക്കന്മാരുടെ ഇഷ്ടപ്പെടുന്ന രീതിയിൽ വസ്ത്രധാരണം നടത്തണമെന്നാണ് 1 കോരി. 7:4 ൽ പറഞ്ഞിരിക്കുന്നത്.

ലേഖനങ്ങളിൽ ഗ്രഹിക്കുവാൻ പ്രയാസമുള്ള ചിലതുണ്ടെന്നും അറിവില്ലാത്തവരും അസ്ഥിര ചിത്തരുമായവർ മറ്റു തിരുവെഴുത്തുകളെപോലെ അതും തങ്ങളുടെ നാശത്തിനായി വളച്ചൊടിക്കുന്നു (2.പത്രോ. 3:16). വളച്ചൊടിക്കപ്പെട്ട ചില സഭകളുടെ വിശ്വാസം നോക്കാം.

ഇംഗ്ലണ്ടിൽ ജയിംസ് രണ്ടാമൻ രാജാവിന്റെ കാലത്ത് പ്രസിദ്ധീകരിച്ച വേദപുസ്തകത്തിൽ “woman what have I todo with you” (സ്ത്രീയേ നിന്നൊടൊപ്പം ഞാനെന്താണു ചെയ്യേണ്ടത് എന്ന് യോഹ. 2:4 പറഞ്ഞിരിക്കുന്ന ഭാഗം പ്രോട്ടസ്റ്റന്റ് കാർ പ്രസിദ്ധീകരിച്ച വേദപുസ്തകത്തിൽ പരാവർത്തനത്തിൽ പിശക് വരുത്തി മലയാളത്തിൽ സ്ത്രീയേ എനിക്കും നിനക്കും തമ്മിൽ എന്തെന്ന് തെറ്റായ അർത്ഥത്തിൽ അച്ചടിച്ചതിനാൽ എല്ലാ തലമുറകളും ഭാഗ്യവതിയെന്ന് വാഴ്ത്തും എന്ന് ലൂക്കോ 1:48 പറഞ്ഞിരിക്കുന്നതും മാലാഖ അവളുടെ അടുക്കൽ വന്ന് ‘കൃപ ലഭിച്ചവളെ’ എന്നു ലൂക്കോ. 1:28ലും പറഞ്ഞിരിക്കുന്നവളെ ഒരു സാധാരണ സ്ത്രീയെന്ന് തരം താഴ്ത്തി വളച്ചൊടിച്ചിരിക്കുന്നു. ഇപ്രകാരം ഭൂമിയിൽ വച്ച് കൃപ ലഭിച്ച മറ്റൊരാളാണ് പൗലൂസ്ശ്ലീഹാ (2.കോരി. 12:7) തന്റെ രോഗാവസ്ഥ മാറ്റിത്തരുന്നതിനു 3 പ്രാവശ്യം പ്രാർത്ഥിച്ചതിന് എന്റെ കൃപമതിയെന്നു പറഞ്ഞു ഇപ്രകാരം ദൈവത്തിൽനിന്ന് കൃപ ലഭിച്ചവരെ ബഹുമാനിക്കപ്പെണ്ടതിനു പകരം അവരെ സാധാരണ മനുഷ്യരായി തരം താഴ്ത്തുന്നതു ശാപമല്ലേ!

മറ്റൊരു ഫണ്ടമെന്റലിസ്റ്റ് ചിന്താഗതിയാണ് മരിച്ചവരും മൗനതയിൽ ആണ്ടുപോയവരും യഹോവയെ സ്തുതിക്കുന്നില്ല സങ്കീ. 115:17ൽ ഇപ്രകാരംത്തിൽ നമ്മിൽനിന്ന് വാങ്ങപ്പെട്ടുപോയവർ ഉറങ്ങുന്നവസ്ഥയിൽ ബോധരഹിതരാണെന്നും പുറം ലോകത്തെക്കുറിച്ച് ഒന്നും അറിയുന്നില്ലെന്ന പോലെ നമ്മിൽനിന്നും വേർപെട്ട് മരണം പ്രാപിച്ചവർ ലോകത്തു നടക്കുന്ന കാര്യങ്ങൾ ഒന്നും അറിയുന്നില്ലന്നും ഉറങ്ങുന്നവസ്ഥയിൽ ആണെന്നും ചിന്തിക്കുന്നു. സങ്കീ.115:18 ന്റെ വാക്യത്തിൽ നാമൊ ഇന്നു മുതൽ എന്നും യഹോവയെ വാഴ്ത്തും എന്നാണ്. പാപം ചെയ്ത് അനുതാപം പ്രാപിക്കാതെ മരിച്ചവർ മൗനത്തിലാണന്നു പറഞ്ഞിരിക്കുന്ന ഭാഗം എല്ലാവരും മൗനത്തിലാണന്ന് പഠിപ്പിക്കുന്നു. ആത്മാക്കൾ മരിച്ചശേഷം മൗനതയിൽ അല്ലെന്നുള്ള തെളിവുകൾ പരിശോധിക്കാം.

മരിച്ചവരും മൗനതയിൽ ആണ്ടുപോയവരും യഹോവയെ സ്തുതിക്കുന്നില്ല. (സങ്കീ.115:17) അടയിരിക്കുന്ന കോഴിയുടെ മുട്ടയിൽ ഇരിക്കുന്ന കോഴിക്കുഞ്ഞ് പുറം ലോകത്തെ ജീവിതം അറിയാത്തപോലെയാണ് നമ്മിൽനിന്നും മരിച്ചുപോയവർ സ്ഥിതിചെയ്യുന്നതെന്നും ആയതിനാൽ അവർക്കുവേണ്ടിയുള്ള പ്രാർത്ഥനയുടെ ആവശ്യമില്ലെന്നും ചിലർ ചിന്തിക്കുന്നു. സങ്കീ.115:18ാം വാക്യത്തിൽ നാമൊഇന്നു മുതൽ എന്നേക്കും എന്നു പറഞ്ഞിരിക്കുന്ന ഭാഗം വളച്ചൊടിക്കുന്നു. മരണാനന്തരം ആത്മാക്കൾ ഭൂമിയിൽ നടക്കുന്ന എല്ലാം അറിയുന്നു.

ശരീരത്തിൽ വസിച്ചാലും ശരീരം വിട്ടാലും അവനെ പ്രസാദിപ്പിക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം (2.കോരി.5:9).

മുൾപ്പടർപ്പിൽ വച്ച് ദൈവം മോശക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ ഇപ്രകാരമാണ് അരുളിയത്. ഞാൻ അബ്രഹാമിന്റെ ദൈവവും, ഇസഹാക്കിന്റെ ദൈവവും, യാക്കോബിന്റെ ദൈവവും, ആയി മരിച്ചവരുടെ ദൈവമല്ല, ജീവനുള്ളവരുടെ ദൈവം ആകുന്നു. എന്തെന്നാൽ എല്ലാവരും (ജീവിച്ചിരിക്കുന്നവരും, മരിച്ചവരും) അവന് (ദൈവത്തിന്) ജീവിച്ചിരിക്കുന്നു. ലൂക്കോ. 20:38.യേശു മറുരൂപപ്പെട്ടപ്പോൾ മരിച്ചുപോയ മോശയേയും ഏലിയാവിനേയും കാണുകയും സംസാരിക്കുകയും ചെയ്തു. ലൂക്കോ. 9:30. ശൗൽ രാജാവ് മരിച്ചുപോയ ശമുവേലിനോട് ഭാവി ചോദിക്കുന്നു. 1.ശമു. 28:12.

യിസ്രായേൽ ജനം പാപം ചെയ്തപ്പോൾ അവർക്കുവേണ്ടി മരിച്ചുപോയ മോശയും, ശമുവേലും മദ്ധ്യസ്ഥ പ്രാർത്ഥന അർപ്പിക്കുന്നു (യിരമ്യ. 15:1). ധനവാന്റെയും ലാസറിന്റെയും കഥയിലും അവർ മൗനത്തിലല്ലെന്നു കാണാം (ലൂക്കോ.16:24). യേശു കള്ളനോട് ഇന്നു നീ എന്നോടുകൂടെ പറുദീസായിലിരിക്കും. (ലൂക്കോ. 23:43).

യേശു മരണാനന്തരം പാതാളത്തിൽ മരിച്ചവരോട് സുവിശേഷം അറിയിച്ചു (1. പത്രോ.4:6) മരിച്ച ആത്മാക്കൾ മൗനത്തിലാണെങ്കിൽ അവർക്ക് യേശു പറയുന്നത് എപ്രകാരം മനസ്സിലാക്കും. യേശുവിന്റെ ജനനസമയത്ത് ഹെരോദാരാജാവിന്റെ കൽപന പ്രകാരം അന്നു ജീവിച്ചിരിക്കുന്ന രണ്ടു വയസ്സിൽ താഴെ പ്രായം ഉള്ള എല്ലാ ആൺകുട്ടികളെയും കൊലപ്പെടുത്തിയത് മരിച്ചുപോയ റാഹേൽ ആത്മാവിൽ അറിഞ്ഞപ്പോൾ വിലപിച്ചു. (മത്താ. 2:18). മരിച്ചുപോയ റാഹേൽ മൗനത്തിലാണെങ്കിൽ എന്തിനാ വിലപിച്ചത്.

യോശുവാ ദൈവത്തിന്റെ വഴികളിൽ നടന്നാൽ വിശുദ്ധന്മാരുടെ ഇടയിൽ ആഗമനം അനുവദിക്കുമെന്നു (സെഖ 3:7) പറയുന്നു. മരിച്ചുപോയ വിശുദ്ധന്മാർ മൗനത്തിൽ ആണ് എങ്കിൽ യോശുവ എങ്ങിനെ സംസർഗ്ഗം ചെയ്യുവാൻ സാധിക്കും.

ഈ ഭാഗങ്ങളിൽ എല്ലാ വിശുദ്ധന്മാർ മൗനത്തിൽ അല്ലെന്നും അവർ എപ്പോഴും യഹോവയെ വാഴ്ത്തും എന്നാണ് വചനം പഠിപ്പിക്കുന്നത്. ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതു വിഷമകരമാണെന്ന് യേശു പറഞ്ഞതുകൊണ്ട് നല്ല ജീവിതം നയിച്ച ധനവാന്മാരും ഉൾപ്പെടും എന്നു ചിന്തിക്കുന്നവരാണ് ഫണ്ടമെന്റ്ലിസ്റ്റ്.

വചനങ്ങൾ സന്ദർഭത്തിനു അനുസരിച്ചു വേണം വിനിയോഗിക്കേണ്ടത്. വലങ്കണ്ണ് നിനക്കു ഇടർച്ച വരുത്തുന്നുവെങ്കിൽ അതിനെ ചൂഴ്ന്നെടുത്തു എറിഞ്ഞു കളയുക. ( മത്താ.5:29) അപ്രകാരം പ്രവർത്തിപ്പാൻ അർത്ഥമാക്കുന്ന രീതിയിൽ മാത്രം ചിന്തിക്കുന്നവരെയാണ് അക്ഷരാർത്ഥത്തിൽ മാത്രം ചിന്തിക്കുന്നവരായി കരുതുന്നത്. അവരെയാണ് ഫണ്ടമെന്റ്ലിസ്റ്റ് എന്നു വിളിക്കുന്നത്. കണ്ണിനെ നിയന്ത്രിക്കണമെന്നർത്ഥത്തിൽ പറഞ്ഞിരിക്കുന്നത് സ്ത്രീയെ സൂക്ഷിച്ചു നോക്കരുതെന്നു പറഞ്ഞിട്ടുള്ളതുകൊണ്ട് മുസ്ലീം സ്ത്രീകൾ പർദ ധരിക്കുന്ന മാതിരി നടക്കണമെന്നല്ലല്ലോ. ●

# പുതുവത്സര ഏകദിന ധ്യാനം



ക്നാനായ അതിഭദ്രാസനത്തിന്റെ സുവിശേഷസമാജം ചിങ്ങവനം മേഖലയുടെ ആഭിമുഖ്യത്തിൽ വനിതാസമാജ സഹകരണത്തോടെ 04-1-2019 വെള്ളിയാഴ്ച 9.30 എ.എം മുതൽ 4.00 പി.എം. വരെ പുതുവത്സര ഏകദിന ധ്യാനം ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളിയിൽ നടത്തപ്പെട്ടു. അഭി. ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്താ ഉദ്ഘാടനം നിർവ്വഹിക്കുകയും തുടർന്ന് റവ.ഫാ. ആന്റണി കല്ലിൽ (മൗണ്ട് താബോർ ധ്യാനകേന്ദ്രം പത്തനംതിട്ട) ധ്യാനം നയിച്ചു. ചിങ്ങവനം മേഖലാ വൈസ് പ്രസിഡന്റ് റവ.ഫാ. സ്കറിയാ മർക്കോസ് കൊച്ചുമംഗര, ട്രസ്റ്റി വി.എം. സോമൻ വാലടിത്തറ, സെക്രട്ടറി സാബു സ്കറിയ മഠത്തിപ്പറമ്പിൽ, ജോ.സെക്രട്ടറി എം.യു. ഉതുപ്പാൻ മൂഴിപ്പാറ തുടങ്ങിയവർ സമീപം.

## കോറുയോ പട്ടം സ്വീകരിച്ചു



ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളി ഇടവകയിൽ കുന്നുപുറത്ത് ആൻഡ്രൂസ് ജേക്കബിന്റെയും, ബേബിക്കുട്ടി ആൻഡ്രൂസിന്റെയും മകൻ **ഡീക്കൻ ബിബിൻ ആൻഡ്രൂസ്** 2018 ജൂലൈ 24 ന് ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളിയിൽ ആർച്ച് ബിഷപ്പ് അഭി.കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായിൽ നിന്നും കോറൂയോ പട്ടം സ്വീകരിച്ചു. മുളംതുരുത്തി വൈദിക സെമിനാരി വിദ്യാർത്ഥിയാണ്.



ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളി ഇടവകയിൽ വെട്ടിപറമ്പിൽ വി.റ്റി. ചാക്കോയുടെയും ഗ്രേസി ചാക്കോയുടെയും മകൻ **ഡീക്കൻ മെറ്റോ ജേക്കബ്** 2018 ജൂലൈ 24 ന് ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളിയിൽ ആർച്ച് ബിഷപ്പ് അഭി.കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായിൽ നിന്നും കോറൂയോ പട്ടം സ്വീകരിച്ചു. മുളംതുരുത്തി വൈദിക സെമിനാരി വിദ്യാർത്ഥിയാണ്.

# ക്നാനായ സമുദായ വാർത്തകൾ

**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ (സമുദായ സെക്രട്ടറി)**

## ക്നാനായ അസ്സോസിയേഷൻ യോഗം 22-01-2019

22-01-2019 ൽ ചിങ്ങവനം മോർ അപ്രേം സെമിനാരിയിലെ അസ്സോസിയേഷൻ ഹാളിൽ പ്രസിഡന്റ് ഫാ.ഡോ. എ.റ്റി ഏബ്രഹാം ആലുമൂട്ടിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ക്നാനായ അസ്സോസിയേഷന്റെ ഒരു വിശേഷാൽ യോഗത്തിൽ നിലവിലുള്ള ക്നാനായ സമുദായഭരണഘടന 2003 ൽ താഴെപ്പറയുന്ന വകുപ്പുകളിൽ ഭേദഗതികൾ വരുത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

**ഭേദഗതി 1. വകുപ്പ് 37** ഇടവകയോഗത്താൽ തെരഞ്ഞെടുക്കപ്പെടുന്നതും അഞ്ചിൽ കുറയാതെയും പതിനഞ്ചിൽ കവിയാതെയും അംഗങ്ങൾ ഉള്ളതുമായ ഒരു നിർവ്വാഹക സമിതി ഇടവകയ്ക്ക് ഉണ്ടായിരിക്കേണ്ടതാണ്. ടി. സമിതി മുഖാന്തരം ഇടവകസംബന്ധമായ സാധാരണ കാര്യങ്ങൾ നിർവ്വഹിക്കപ്പെടേണ്ടതും **സമിതി അംഗങ്ങളുടെ കാലാവധി രണ്ടു വർഷത്തേയ്ക്ക് മാത്രമായിരിക്കേണ്ടതുമാണ്.**

**ഭേദഗതി: 2. വകുപ്പ് 64 ഒരു മാമ്മോദീസായ്ക്ക് 100 രൂപ പള്ളിയിൽ അടയ്ക്കേണ്ടതാകുന്നു.**

**ഭേദഗതി: 3. വകുപ്പ് 67** ഒത്തുകല്യാണത്തിന് താഴെപ്പറയുന്ന ക്രമത്തിന് ഫീസ് വയ്ക്കേണ്ടതാകുന്നു.

**(എ) ചെറുക്കന്റെ വീട്ടുകാർ ഇടവകപ്പള്ളിയിൽ സാക്ഷിക്കുറിക്ക് 100 രൂപ**

**ഭേദഗതി: 4. വകുപ്പ് 81** മാമ്മോദീസ, വിവാഹം, മരണം എന്നീ രജിസ്റ്ററുകളിൽ നിന്നും അടയാളസഹിതം പകർപ്പുകൾ എടുക്കുന്നതിന് **ഓരോ അപേക്ഷയ്ക്കും 100 രൂപാ വീതവും,** പൊതുയോഗം, കമ്മറ്റി എന്നിവയുടെ നടപടി പുസ്തകങ്ങളിൽ നിന്ന് അടയാളസഹിതം പകർപ്പുകൾ എടുക്കുന്നതിന് **ഓരോ അപേക്ഷയ്ക്കും 500 രൂപാ വീതവും,** ഫീസ് അടയ്ക്കേണ്ടതാണ്. പകർപ്പ് ശരിയാണെന്നു വികാരി സാക്ഷിപ്പെടുത്തുകയും പള്ളി മുദ്ര അതിൽ പതിക്കുകയും വേണം.

**ഭേദഗതി: 5. വകുപ്പ് 106** അസ്സോസിയേഷൻ അംഗങ്ങളുടെ കാലാവധി 105 (ഇ) വകുപ്പിൽ പറയുന്ന **ആദ്യ യോഗത്തിലെ തീയതി മുതൽ അഞ്ചു വർഷം ആയിരിക്കുന്നതാണ്.** കാലാവധി കഴിയുന്നമുറയ്ക്ക് പുതിയ അസ്സോസിയേഷൻ തിരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന അസ്സോസിയേഷൻ രൂപപ്പെടുന്നതുവരെ നിലവിലുള്ള ക്നാനായകമ്മറ്റിയും അസ്സോസിയേഷനാൽ തെരഞ്ഞെടുക്കപ്പെട്ട എല്ലാ സമിതികളും നിലനിൽക്കുന്നതും അവയുടെ പ്രവർത്തനം തുടരേണ്ടതുമാണ്. ചർച്ചകൾക്കു ശേഷം ഭൂരിപക്ഷത്തോടെ ഭരണഘടനാ ഭേദഗതികൾ പാസ്സായതായി അദ്ധ്യക്ഷൻ പ്രസ്താവിച്ചു.

ടി. ഭരണഘടനാ ഭേദഗതികൾ ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്താ അംഗീകരിച്ച് 23-01-2019 മുതൽ സമുദായമൊട്ടാകെ നടപ്പാക്കിയിരിക്കുന്നു. ഈ ഭേദഗതികൾ ഇപ്പോൾ നിലവിലുള്ള ക്നാനായ അസ്സോസിയേഷൻ അംഗങ്ങളെയും പള്ളി നിർവ്വാഹകസമിതി അംഗങ്ങളെയും ബന്ധിക്കുന്നതും ആകുന്നു.

22-01-2019 ലെ അസ്സോസിയേഷൻ യോഗത്തിനെതിരായി ചില ആളുകൾ ഹൈക്കോടതിയെ സമീപിച്ചെങ്കിലും സ്റ്റേ ലഭിച്ചില്ല. മഹാഭൂരിപക്ഷത്തോടെ ഭരണഘടനാ ഭേദഗതികൾ ഇതര സഭകളുടെതുപോലെ തിരഞ്ഞെടുക്കപ്പെട്ട സമിതികളുടെ കാലാവധി ക്രമീകരിച്ച് പാസ്സാക്കിയ അസ്സോസിയേഷൻ അംഗങ്ങളെ അനുമോദിക്കുന്നു.

# ക്നാനായ മെഡിക്കൽ സെന്റർ ആൻഡ് സേവേറിയോസ് പാലിയേറ്റീവ് കെയർ

ക്നാനായ മെഡിക്കൽ സെന്റർ & പാലിയേറ്റീവ് കെയർ എന്ന സ്ഥാപനം മോർ അപ്രേം സെമിനാരിവളപ്പിലുള്ള സെമിനാരി കോംപ്ലെക്സിൽ ആരംഭിച്ചു. ആർച്ച്ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്തായുടെ മെത്രാഭിഷേകത്തിന്റെ 15-ാം വാർഷികത്തോടനുബന്ധിച്ച് ക്നാനായ അതിഭദ്രാസനത്തിന്റെ നേതൃത്വത്തിലാണ് സ്ഥാപിച്ചത്.

ആർച്ച്ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ക്നാനായ സമുദായ ട്രസ്റ്റി സ്കറിയാ തോമസ് Ex. M.P അദ്ധ്യക്ഷത വഹിച്ചു. സേവേറിയോസ് പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ടിന്റെ ഒരു വർഷത്തേക്ക് ചിലവു വരുന്ന തുകയുടെ ചെക്ക് ആർച്ച്ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്താ സമുദായാംഗം സി. കെ. ബേബി ചെറുശ്ശേരിക്കളത്തിൽ നിന്നും സ്വീകരിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു.

പ്രളയകെടുതി അനുഭവിച്ച ആളുകളുടെ അപേക്ഷ പരിഗണിച്ച് ദുരിതാശ്വാസത്തിന്റെ ഭാഗമായി നമ്മുടെ ഇടവകകളിൽ നിന്നും വ്യക്തികളിൽ നിന്നും ലഭിച്ച തുക ജാതിമത ഭേദമെന്യേ ആർച്ച്ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ മെത്രാഭിഷേകത്തിന്റെ 15-ാം വാർഷികത്തിന്റെ ഭാഗമായി വിതരണം ചെയ്തു. ക്നാനായ അസ്സോസിയേഷൻ പ്രസിഡന്റ് ഫാ. ഡോ. എ. റ്റി. ഏബ്രഹാം ആലുംമൂട്ടിൽ, സമുദായ സെക്രട്ടറി ടി. ഒ. ഏബ്രഹാം തോട്ടത്തിൽ, ഭദ്രാസന സെക്രട്ടറി ഫാ.പി. റ്റി മാത്യു പയ്യനാട്ട്, സെമിനാരി മാനേജർ ഫാ. ഷിബിൻ മണിമലേത്ത്, വൈദിക ട്രസ്റ്റി ഫാ. മോനായി കെ. ഫിലിപ്പ് കർക്കടകംപള്ളിൽ, വികാരി ജനറാൾ ഫാ. രാജൻ ഏബ്രഹാം കുളമടയിൽ, വെളിയനാട് പഞ്ചായത്ത് പ്രസിഡന്റ് സാബു തോട്ടുങ്കൽ, ആലിച്ചൻ ആറൊന്നിൽ, റ്റി.സി. തോമസ് തോപ്പിൽ എന്നിവർ പ്രസംഗിച്ചു.

ഡോ. അലിൻ സൂസൻ ജേക്കബ് മണിമലേത്ത്, ഡോ. മർക്കോസ് സഖറിയ എന്നിവർ സേവനം അനുഷ്ഠിക്കുന്നു. സേവേറിയോസ് പാലിയേറ്റീവ് കെയർ സെന്ററിന്റെ സേവനം തികച്ചും സൗജന്യമാണ്. ആവശ്യമുള്ളവർക്ക് വീട്ടിൽ ചെന്ന് ആവശ്യമായ സേവനം കൊടുക്കുന്നതാണ്. ഡോക്ടർമാരുടെ സേവനം രാവിലെ 9 മുതൽ രാത്രി 8 മണിവരെ ലഭ്യമാണ്.

**Contact Mob: 9496071311**

# വിവാഹിതരായി



തിരുവല്ല കറ്റോട് സെന്റ് മേരീസ് ക്നാനായ ഇടവകയിൽ നെച്ചുവേലിൽ സാജൻ ഏബ്രഹാമിന്റേയും ലൗലി സാജന്റേയും മകൻ **Elvis Sajan** ഉം വെൺപാല സെന്റ് ജോർജ്ജ് ക്നാനായ പള്ളി ഇടവകാംഗമായ തൈപ്പറമ്പിൽ റ്റി. കെ. ജോസഫിന്റേയും സാലമ്മ ജോസഫിന്റേയും മകൾ **Nimmy Joseph** ഉം തമ്മിലുള്ള വിവാഹം 2019 ജനുവരി 5–ാം തീയതി കറ്റോട് സെന്റ് മേരീസ് ക്നാനായ പള്ളിയിൽ അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ കൂറിലോസ് തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

Advt - O

# വിവാഹിതരായി



കല്ലിശ്ശേരി സെന്റ് മേരീസ് വലിയ പള്ളി ഇടവകയിൽ കിഴക്കേപ്പറമ്പിൽ റോജി കെ. പ്രിൻസിന്റെയും ജോമോൾ റോജിയുടെയും മകൻ **Steren Roji** യും ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളി ഇടവകയിൽപ്പെട്ട കേളച്ചന്ദ്രയിൽ സാബു തോമസിന്റെയും പ്രിയ സാബുവിന്റെയും മകൾ **Sanjana Sabu** വും തമ്മിലുള്ള വിവാഹം 2019 ജനുവരി 10–ാം തീയതി കല്ലിശ്ശേരി സെന്റ് മേരീസ് വലിയ പള്ളിയിൽ ആർച്ച് ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് വലിയമെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

## 50 – ാം വിവാഹ വാർഷികം



**M. T. Abraham (കുഞ്ഞുമോൻ) &**
**Mariamma Abraham (കുഞ്ഞുമോൾ)**

**Mundackal House, Thiruvanvandoor**

യഹോവാ ഞങ്ങളിൽ വൻകാര്യങ്ങൾ ചെയ്തിരിക്കുന്നു.
അതുകൊണ്ട് ഞങ്ങൾ സന്തോഷിക്കുന്നു
സങ്കീ : 126:3

ആശംസകളോടെ
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ

Advt - O

## വിവാഹിതരായി



Kanamala St. George Knanaya ഇടവകയിൽ Thottathil രാജു ഏബ്രഹാമിന്റെയും അന്നമ്മ രാജുവിന്റെയും മകൻ **Rejit** ഉം Seethathodu St. George Knanaya ഇടവകയിൽ Kadakkethu കെ. എ. ഏബ്രഹാമിന്റെയും ജയ ഏബ്രഹാമിന്റെയും മകൾ **Annu** വും തമ്മിലുള്ള വിവാഹം 2018 നവംബർ 29 Kanamala St. George പള്ളിയിൽ **അഭി. ആയൂബ് മോർ സിൽവാനോസ് മെത്രാപ്പോലീത്താ** യുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

## 50 – ാം വിവാഹ വാർഷികം



**K.U തോമസ് & അന്നമ്മ തോമസ്**

**കണ്ണാത്തുമുറിയിൽ**
**മാമുക്ക്, റാന്നി**

ആശംസകൾ

മക്കൾ : ഷിന & റെജി (UAE), ഷിബ & അജുമോൻ (തൊടുപുഴ)
കൊച്ചുമക്കൾ, റോഷ് & അലിഷ

# ക്നാനായ മെഡിക്കൽ സെന്റർ & സേവേറിയോസ് പാലിയേറ്റീവ് കെയർ



ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു. കമാൻഡർ സ്കറിയാ തോമസ് എക്സ്. എം.പി സമുദായ ട്രസ്റ്റി, ശ്രീ. റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ സമുദായ സെക്രട്ടറി, ഫാ. രാജൻ ഏബ്രഹാം കുളമടയിൽ വികാരി ജനറാൾ, ശ്രീ. സാബു തോട്ടുങ്കൽ, ശ്രീ. ആലിച്ചൻ ആറൊന്നിൽ, ശ്രീ. ടി.സി തോമസ് തോപ്പിൽ, ശ്രീ. സി. കെ. ബേബി ചെറുശ്ശേരിക്കളം, ശ്രീ. ജേക്കബ് തോമസ് മറ്റക്കാട്ട്, ശ്രീ. ജൂബി കൊല്ലംപറമ്പിൽ, ഡോ. അലിൻ സൂസൻ ജേക്കബ് മണിമലേത്ത് എന്നിവർ സമീപം



17-ാമത് ക്നാനായ കൺവൻഷൻ ഫണ്ട് ഉദ്ഘാടനം **അഭി. ആർച്ച് ബിഷപ്പ് കുര്യാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്താ** നിർവഹിക്കുന്നു. **അഭി. കുര്യാക്കോസ് മോർ ഗ്രീഗോറിയോസ്, അഭി. ആയൂബ് മോർ സിൽവാനോസ്** എന്നീ മെത്രാപ്പോലീത്തമാർ സമീപം.



ക്നാനായ കോൺഗ്രസ് സീനിയർ സിറ്റിസൺസ് മീറ്റ് 2019 തിരുവൻവണ്ടൂർ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ **ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്താ** ഉദ്ഘാടനം ചെയ്യുന്നു.


ST. MARY'S KNANAYA PRAYER GROUP, RIYADH, SAUDI ARABIA.
MANAGING COMMITTEE - 2019
PRAYER GROUP LEADER
BENNY UTHUPPAN
Edasseriath, Kuttoor
Contact No: 00966 502908024
St. Mary's Knanaya Prayer Group - Riyadh
PRESIDENT
SAJO MATHEW
Alappattu, Ranny
Contact No: 00966 536276212
SECRETARY
NIJU THOMAS
Kadakkethu Muringakalayil
Ranny
TRUSTEE
ANIL JACOB
Vazhackal, Ranny
SUNDAY SCHOOL HEAD MASTER
SUNIL IDICULA
Kottamkuzhiyil, Mannar
SUNDAY SCHOOL HEADMISTRESS
BINCY JUSTIN
Kochumangara, Ranny
AUDITOR
THOMAS ABRAHAM
Moozhiperumethu
Thiruvananthapuram
COMMITTEE MEMBER
ABRAHAM KURIAKOSE
Pattambalathu
Thuruthicadu
COMMITTEE MEMBER
BAIJU CHACKO
Valayanattu, Ranny
COMMITTEE MEMBER
MANU MATHEW
Pazhayapeedikayil, Kallissery
COMMITTEE MEMBER
SAJU PK
Pulikavil, Nilambur

കഴിഞ്ഞ ലക്കം തുടർച്ച




**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)


# മാതൃകാ കുടുംബജീവിതം: ദൈവശാസ്ത്ര-മന:ശാസ്ത്ര വീക്ഷണത്തിൽ

**അവകാശബോധമല്ല; ചുമതലാബോധമാണ് ആവശ്യം**

എനിക്ക് എന്തെല്ലാം കിട്ടണമെന്നും എന്റെ അവകാശങ്ങൾക്കുവേണ്ടി ഞാൻ വാദിക്കുമെന്നുമുള്ള മനോഭാവം വിട്ടെറിഞ്ഞ് ജീവിത പങ്കാളിക്കുവേണ്ടി എനിക്ക് എന്തു ചെയ്യുവാൻ കഴിയുമെന്ന അന്വേഷണമാണ് മാതൃകാദാമ്പത്യജീവിതത്തിൽ ആവശ്യമായിരിക്കുന്നത്. ആധുനിക യുഗത്തിലെ ഉപഭോഗസംസ്കാരത്താൽ 'എനിക്കു കിട്ടണം' എന്ന ബോധ്യം എല്ലാവരിലും വളർന്നു. 'താൻ ജീവിക്കുന്നത് ജീവിതപങ്കാളിക്കുവേണ്ടിയാണെന്നും ജീവിതപങ്കാളിയുടെ സന്തോഷമാണ് തന്റെ ലക്ഷ്യമെന്നും' തിരിച്ചറിയാതെ പോകുന്നതാണ് ആധുനിക കുടുംബ സംസ്കാരത്തിന്റെ തകർച്ച. അവകാശബോധമല്ല; ചുമതലാബോധമാണ് തനിക്ക് ആവശ്യമെന്ന അവബോധം ഓരോരുത്തരിലും ഉണ്ടാകണം.

രാവിലെ കോളിംഗ് ബെൽ അടിക്കുന്നത് കേട്ട് ലിസ്സി കതക് തുറന്നപ്പോൾ സിറ്റൗട്ടിൽ ജോസഫിന്റെയും തന്റെയും പള്ളിയിലെ വികാരി അച്ചൻ.

"അച്ചൻ എല്ലാം അറിഞ്ഞതുകൊണ്ടാണ് വന്നതല്ലെ?"

ലിസി ചോദിച്ചു

"അതെ"

"എന്തുസംഭവിച്ചാലും ഇട്ടെറിഞ്ഞു പോകേണ്ടായിരുന്നു. കുഞ്ഞുങ്ങളെയെങ്കിലും ലിസി ഓർക്കണമായിരുന്നു"അച്ചൻ പറഞ്ഞു.

"ശരിയാണച്ചോ" ലിസി പറഞ്ഞു. പക്ഷെ ഒരു പെണ്ണും അങ്ങനെയുള്ള ആരോപണം കേട്ട് നിൽക്കത്തില്ല. എന്റെ സഹോദരന് ചോദിക്കാതെ പണം കൊടുത്തതിന് ഇത്ര മാത്രം പറയണോ. ഞാനും റ്റോമിച്ചായനും വിളിച്ചിട്ട് കിട്ടാതിരുന്നത് കൊണ്ടല്ലെ ജോസ്ച്ചായനെ അറിയിക്കാൻ കഴിയാഞ്ഞത്. കുഞ്ഞുങ്ങളുടെ കാര്യം ഓർക്കുമ്പോൾ നീറിപ്പുകയുകയാണ് ഞാൻ".

"ജോസഫിന്റെ കാര്യം ഓർക്കുമ്പോഴോ?"

അച്ചൻ ചോദിച്ചു.

അർത്ഥഗർഭമായ മൗനമായിരുന്നു മറുപടി.

"അപ്പോൾ വേദനയുണ്ട് അല്ലെ? ലിസിയ്ക്ക് തിരുത്താൻ സമയം വൈകിയിട്ടില്ല".

"എനിക്ക് ആ വീട്ടിൽ യാതൊരു അവകാശവുമില്ലെ" ലിസ്സി അല്പം രോഷത്തോടെ ചോദിച്ചു. "ഏതു വീട്ടിൽ? അത് ലിസിയുടെ വീടല്ലെ. ലിസ്സിയുടെ വീടായി കണ്ടിരുന്നെങ്കിൽ അവകാശത്തെക്കുറിച്ചല്ല; ചുമതലയെക്കുറിച്ച് ബോധവതിയാകുമായിരുന്നു. ലിസ്സി ഇപ്പോൾ താമസിക്കുന്നത് ലിസ്സിയുടെ വീടല്ല. റ്റോമിയുടെ വീടാണ്. സ്വന്തം വീടിനെക്കുറിച്ച് ബോധ്യം ഉണ്ടാകണം". അച്ചൻ ശാസനാ രൂപത്തിൽ പറഞ്ഞു.

പലരും അവകാശബോധമുള്ളവരാണ്. ചുമതലാബോധം എന്താണെന്ന് ശ്രദ്ധിക്കാറില്ല. കിട്ടേണ്ടതിനെക്കുറിച്ചുള്ള അവബോധം. താൻ സ്നേഹിക്കപ്പെടണം; ബഹുമാനിക്കപ്പെടണം. എന്നെ കരുതണം എന്നെ അംഗീകരിക്കണം. എന്നാൽ എന്റെ ജീവിത പങ്കാളിക്കുവേണ്ടി എന്ത് ചെയ്യുവാൻ കഴിയുമെന്ന ബോധ്യം; അതായത് തന്റെ ചുമതലയെക്കുറിച്ചുള്ള ബോധ്യം ആവശ്യത്തിനില്ലാതെ പോകുന്നതാണ് സകല കുടുംബ പ്രശ്നങ്ങൾക്കും കാരണം. ജീവിതപങ്കാളിയുടെ സ്ഥാനത്ത് നിന്ന് പ്രശ്നങ്ങളെ വീക്ഷിക്കുവാൻ നമുക്കു കഴിയണം.

"പ്രശ്നങ്ങൾ ഉണ്ടായപ്പോൾ ഇട്ടെറിഞ്ഞിട്ടുപോരുന്നതിന് പകരം ജോസഫിനെ നിജസ്ഥിതി ബോധ്യപ്പെടുത്തുവാൻ ശ്രമിച്ചിരുന്നുവെങ്കിൽ ലിസിക്കു പോരേണ്ടി വരുമായിരുന്നില്ല. ജോസഫിന്റെ ഈഗോയെ വളരെ സൗമ്യമായി തണുപ്പിക്കാമായിരുന്നു. ഒരു സ്ത്രീയുടെ ലോകം അവളുടെ ഭർത്താവും കുട്ടികളും അടങ്ങുന്നതാണ്. ആ ലോകത്തിൽ നിന്നും വിട്ടുപോകുന്നത് സ്വന്തജീവിതത്തിൽ നിന്നും വിട്ടുപോകുന്നതിനു തുല്യമാണ്". അച്ചന്റെ വാക്കുകൾക്ക് മൗനമായി ചെവികൊടുത്ത് നിൽക്കുകയാണ് ലിസ്സി.

മാത്രമല്ല ജോസഫിന്റെ ചൂട് വർദ്ധിപ്പിക്കുന്നതിന് തല്ലിയതിനും കാരണമായത് ലിസ്സിയുടെ തർക്കുത്തരങ്ങളാണ്. ജോസഫ് തല്ലിയതിനെ ഞാൻ ഒരിക്കലും ന്യായീകരിക്കു

ന്നില്ല. ലിസ്സി ശ്രമിച്ചിരുന്നുവെങ്കിൽ ഇവയൊക്കെ ഒഴിവാക്കാമായിരുന്നു". അച്ചൻ പറഞ്ഞു.

ലിസ്സിക്ക് ഉത്തരമില്ലായിരുന്നു. ഇനിയെന്താണ് ഉദ്ദേശമെന്ന അച്ചന്റെ ചോദ്യത്തിനു മുൻപിൽ ലിസ്സി തന്റെ മൗനം തുടർന്നു. അച്ചൻ ഒരു കാര്യം തറപ്പിച്ചു പറഞ്ഞു "എങ്ങനെയെങ്കിലും പിണക്കം മാറി ഒന്നാകുവാൻ അവസരം ഉണ്ടായാൽ അത് തള്ളിക്കളയരുത്" ലിസി സമ്മതഭാവത്തിൽ നിറകണ്ണുകളോടെ തലയാട്ടി.

യാത്ര പറഞ്ഞിറങ്ങിയ വികാരി അച്ചനും തന്റെ മടക്കയാത്രയിൽ ഘനം കൂടിയ ചിന്തകളോടെയാണ് ഡ്രൈവിംഗ് സീറ്റിലിരുന്നത്. തന്റെ ഇടവകയിലെ ഏറ്റവും നല്ല കുടുംബങ്ങളിലൊന്നായ ജോസഫിന്റെ കുടുംബത്തിലേക്കു അച്ചന്റെ ചിന്തകൾ ചിറകടിച്ചു.

സ്ഥലം മാറിവന്ന പുതിയ ഇടവകയിൽ കാര്യമായ പരിചയമുള്ളവരാരുമുണ്ടായിരുന്നില്ല. വളരെ അവിചാരിതമായിട്ടാണ് സൺഡേസ്കൂൾ അദ്ധ്യാപകരായ ജോസഫിനെയും ലിസ്സിയെയും പരിചയപ്പെട്ടത്. അവരുടെ രണ്ടു കുട്ടികളു മുൾപ്പെടുന്ന ആ കുടുംബം സ്വർഗ്ഗീയാനുഭവത്തിലാണ്. വളരെ അന്തസ്സായി ജീവിക്കുന്ന ഒരു മാതൃകാകുടുംബം. ദൈവഭയവും നന്മയും നിറഞ്ഞുനിൽക്കുന്ന ആ കൊച്ചുകുടുംബത്തിലെ ഒരംഗമായി താനും, താനറിയാതെ മാറുന്നത് അച്ചൻ തിരിച്ചറിഞ്ഞു. ആ കുടുംബം ഏതെങ്കിലും കാരണവശാൽ ഒരു ഞായറാഴ്ച കുർബ്ബാനയിൽ സംബന്ധിക്കാതിരുന്നാൽ എന്തോ ഒരു ശൂന്യതപോലെയായിരുന്നു. താൻ ആ വീട്ടിൽ ചെല്ലുന്നത് അവർക്കും സന്തോഷമായിരുന്നു. അച്ചൻ പഴയ കാര്യങ്ങൾ ആലോചിച്ച് പാഴ്സണേജിൽ എത്തിയത് അറിഞ്ഞില്ല.

## ഒറ്റപ്പെടലിന്റെ നൊമ്പരം

ലിസ്സിക്കെതിരെ കോടതിയിൽ മൊഴികൊടുത്തുവെങ്കിലും ലിസ്സിയോടുള്ള പക അവളെക്കുറിച്ചുള്ള നല്ല ഓർമ്മയിൽ തണുത്തുറഞ്ഞുപോയി. ജോസഫ് അവളുടെ അഭാവം കൈയ്പ്പുനീരുപോലെ രുചിച്ചു. വീട് ശൂന്യമായി കിടക്കുന്ന ശ്മശാനം പോലെയും താൻ അതിലെ ഒരു ശവംപോലെയും ജോസഫിന് തോന്നി. ഏകാന്തത ഭയപ്പെടുത്തുന്നുവെന്ന് തോന്നുന്നു. അവധിദിവസം ആയതിനാൽ കിടക്കയിൽ ഉറക്കമില്ലാതെ തിരിഞ്ഞും മറിഞ്ഞും കിടക്കുകയാണ് നേരം പുലർന്നിട്ടും. കുഞ്ഞുങ്ങൾ ഉറങ്ങട്ടെയെന്നു കരുതി. ലിസ്സിയുണ്ടെങ്കിൽ രാവിലെ തന്നെ എല്ലാവരെയും വിളിച്ചുണർത്തി പ്രാർത്ഥിക്കും. ലിസിയുടെ അഭാവം ജോസഫിനെ വല്ലാതെ നീറ്റുന്നുണ്ട്. എങ്കിലും ജോസഫിന്റെ വാശിക്കു കുറവില്ല.

അന്നമ്മ രാവിലെ ഉണർന്നത് തന്നെ അമ്മയെ വിളിച്ചു കരഞ്ഞുകൊണ്ടാണ്. അമ്മയ്ക്കുപകരം അപ്പനു ആകുവാൻ കഴിയില്ലല്ലോ. അന്നമ്മയെ സമാധാനപ്പെടുത്തുവാൻ ജോസഫ് ഒരു വിഫലശ്രമം നടത്തി. അന്നമ്മയുടെ കരച്ചിൽ കേട്ടാണ് ചാക്കോച്ചൻ ഉണർന്നത്.

"അമ്മ എപ്പോൾ വരും" ചാക്കോച്ചന്റെ ചോദ്യം കേട്ട് ജോസഫ് ഞെട്ടിപ്പോയി. ലിസിയുടെ അസാന്നിദ്ധ്യം അറിയിക്കാതെ ഇതുവരെ വളരെ ശ്രദ്ധിച്ചാണ് ജോസഫ് നിന്നിരുന്നത്. കേൾക്കുമെന്ന് ഭയപ്പെട്ടിരുന്ന ചോദ്യം കേട്ടപ്പോൾ ജോസഫിന് ഉത്തരം മുട്ടിപ്പോയി. ജോസഫ് തന്നോടുതന്നെ ചോദിച്ചു "അവൾ എപ്പോൾ വരും"? അവൾ അടുത്തുണ്ടായിരുന്നുവെങ്കിൽ എന്ന് വെറുതെ ചിന്തിച്ചുപോയി . എങ്കിലും ഈഗോ കൈവെടിയുവാൻ, അവൻ തയ്യാറായില്ല. പക്ഷെ കുഞ്ഞുങ്ങളെ എങ്ങനെ സാന്ത്വനിപ്പിക്കും. അമ്മയ്ക്കുപകരം അമ്മ മാത്രം. എങ്ങനെ സന്തോഷമായി കഴിഞ്ഞ ഭവനമാണിത്. ഒരു നിമിഷം മാത്രം മതി എല്ലാം തകരാൻ. തന്റെ പെരുമാറ്റത്തെക്കുറിച്ച് ആദ്യമായി ജോസഫിന് കുറ്റബോധം തോന്നി. കുറ്റബോധമാണ് പശ്ചാത്താപത്തിന്റെ ആദ്യപടി.

കാറിന്റെ ഹോൺ ശബ്ദിച്ചപ്പോൾ ജോസഫും കുഞ്ഞുങ്ങളും ആകാംക്ഷയോടെ ഗേറ്റിലേക്കു നോക്കി. വികാരി അച്ചന്റെ കാറാണ്. 'ഹായ് പള്ളീലച്ചൻ" കുട്ടികൾ ഓടി മുറ്റത്തിറങ്ങി. ജോസഫിനും എന്തോ ഒരു ആശ്വാസം പോലെ. അച്ചൻ കൊണ്ടുവന്ന ചോക്കലേറ്റ് കുട്ടികൾക്കു കൊടുത്തുകൊണ്ട് അവരെ ചേർത്തണച്ചു. കുട്ടികളെ കളിക്കാൻ വിട്ടിട്ട് ജോസഫിനോട് സംസാരിക്കുവാൻ അച്ചൻ ശ്രമിച്ചു. എന്നാൽ അച്ചന്റെ നോട്ടത്തെ തന്നെ നേരിടുവാൻ ശക്തിയില്ലാതെ നിൽക്കയാണ് ജോസഫ്.

"ജോസഫ്, വികാരം വിവേകത്തെ കീഴ്പ്പെടുത്തിയാൽ കുടുംബം നലനിൽക്കുകയില്ല''. അച്ചൻ പറഞ്ഞു നിർത്തിയതും ജോസഫ് പ്രതികരിച്ചു.

"തർക്കുത്തരം പറയുന്ന അവളോട് ഞാൻ പിന്നെ എന്തു ചെയ്യണമെന്നാ അച്ചൻ പറയുന്നത്"

ജോസഫിന്റെ ചോദ്യത്തിന് അച്ചന് വ്യക്തമായ ഉത്തരമുണ്ടായിരുന്നു. ''കെട്ടിയ പെണ്ണിനെ ഒരു ഉപഭോഗവസ്തുവായിട്ടല്ല കാണേണ്ടത്. അവൾക്കുമുണ്ട് ചോരയും നീരും വികാരവുമൊക്കെ. അവളുടെ വ്യക്തിത്വത്തെ മാനിക്കുവാൻ നിനക്കു ഉത്തരവാദിത്തമുണ്ട്. തല്ലാനും കൊല്ലാനും നിയമവ്യവസ്ഥ അംഗീകരിക്കുന്നില്ല. അവൾ തന്റെ വീട്ടുകാരെയും സ്വന്തക്കാരെയും വിട്ട് നിന്നെ അനുഗമിച്ചവളാണ്. അവളെ മാനിക്കാതിരുന്നാൽ അവൾ തളർന്നുപോകും" അച്ചൻ തുടർന്നു". ഇതിനു മുൻപ് ഇങ്ങനെ സംഭവിച്ചിട്ടില്ലെന്ന് എനിക്കറിയാം. പക്ഷെ ഒരു പ്രാവശ്യം മാത്രമെ സംഭവിച്ചുള്ളു എന്ന് പറയുന്നത് ഒരു ന്യായീകരണമല്ലെന്ന് മാത്രമല്ല ഇന്ത്യൻ ശിക്ഷാനിയമമനുസരിച്ച് പീഡനം ശിക്ഷാർഹവുമാണ്".

"പറ്റിപ്പോയച്ചോ, തല്ലണമെന്ന് വിചാരിച്ച് ചെയ്തതല്ല". ജോസഫ് സങ്കടത്തോടെ പറഞ്ഞു.

''കോടതിയിൽ വച്ച് ലിസ്സിക്കെതിരെ നീ പറഞ്ഞത് വാസ്തവ വിരുദ്ധവും അവൾക്ക് സഹിക്കാവുന്നതിലപ്പുറവുമായിരുന്നുവെന്ന് ഞാൻ പറഞ്ഞാൽ'' അച്ചൻ വീണ്ടും ചോദിച്ചു.

"സമ്മതിച്ചിരിക്കുന്നു. നിസ്സഹായമായ മറുപടിയായിരുന്നു. "നിന്റെ കുഞ്ഞുങ്ങളുടെ മുഖത്ത് നോക്കുമ്പോൾ നിനക്കു കുറ്റബോധം തോന്നുന്നില്ലെ ജോസഫ്".

"തീർച്ചയായും" ജോസഫ് ദുഃഖത്തോടെ പറഞ്ഞു. ഈ വിഷയം ഒത്തുതീർപ്പാക്കണമെന്ന് അച്ചൻ പറഞ്ഞപ്പോൾ യാതൊരു എതിർപ്പും കൂടാതെ ജോസഫ് സമ്മതിച്ചു.

വികാരാവേശത്താൽ ചാടിയിറങ്ങിപ്പോയ ലിസ്സിയും തല്ലിയ ജോസഫും രണ്ടുപേരും കുറ്റക്കാരാണ്. അവരവരുടെ തെറ്റുകൾ സമ്മതിച്ചാൽ തന്നെ കുടുംബത്തിലെ വിഷയങ്ങളുടെ പകുതിതീരും. ഈഗോ ഉള്ളതിനാൽ പലപ്പോഴും രണ്ടുപേരും തെറ്റുകൾ സമ്മതിക്കില്ല. എന്നാൽ അവരുടെ തെറ്റുകൾ ചൂണ്ടിക്കാണിക്കുവാൻ ഈ കഥയിലെ വികാരിയച്ചനെപ്പോലെ ഒരാളുണ്ടെങ്കിൽ യോജിപ്പിന് വളരെ സഹായമാകും. മാതാപിതാക്കളോ, സഹോദരങ്ങളോ, നല്ല സുഹൃത്തുക്കളോ ഇടപെട്ടാൽ തീരാവുന്ന പ്രശ്നങ്ങളാണ് പലതും.

എന്തിനധികം ഭാര്യയും ഭർത്താവും സ്വയം തീരുമാനിച്ചാൽ തീരാത്ത പ്രശ്നങ്ങൾ എന്താണുള്ളത്. പക്ഷെ പലപ്പോഴും മുൻവിധിപോലെയും സ്ഥാപിത താൽപര്യങ്ങളോടെയുമാണ് ജീവിതപങ്കാളിയെ വീക്ഷിക്കുന്നത്. തന്റെ ശരികളെ മാത്രം കണ്ടെത്തുവാനുള്ള ശ്രമം. പങ്കാളിയുടെ ശരികളെ അവഗണിക്കുകയും തെറ്റുകളെ മാത്രം കണ്ടെത്തുകയും ചെയ്യുന്ന വൈകല്യമുള്ളിടത്ത് പ്രശ്നങ്ങൾ അവസാനിക്കയില്ലെന്ന് മാത്രമല്ല; വർദ്ധിക്കകൂടി ചെയ്യും. ഒരു 'സോറി' പറഞ്ഞാൽ തീരാത്ത പ്രശ്നമുണ്ടോ? 'സോറി' പറഞ്ഞാൽ പങ്കാളി അംഗീകരിക്കുവാൻ തയ്യാറാകണം. ഈ കഥയിലെ വികാരിയച്ചന്റെ സമയോചിതമായ ഇടപെടൽ പ്രശ്നങ്ങളെ അവസാനിപ്പിക്കുന്നതിന്റെ ആദ്യപടിയായിത്തീർന്നു. ●

# ക്നാനായ കോൺഗ്രസ് സീനിയർ സിറ്റിസൺസ് മീറ്റ് 2019

ക്നാനായ കോൺഗ്രസ് കേന്ദ്രകമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ സീനിയർ സിറ്റിസൺസ് മീറ്റ് 2019, തിരുവൻവണ്ടൂരിൽ ആർച്ച്ബിഷപ്പ് മോർ സേവേറിയോസ് കുറിയാക്കോസ് വലിയമെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ഫാ.ജേക്കബ് കല്ലുകുളം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡോ. സുനിൽ ഡി. കുരുവിള മുഖ്യ പ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി റോയി പുത്തൻപുരയ്ക്കൽ, ട്രസ്റ്റി അനീഷ് തകിടിയിൽ, ഫാ. കൊച്ചുമോൻ ജോമസ്, ഫാ. ഷിബിൻ മണിമലേത്ത്, ജയമോൻ മേപ്രത്ത്, മജേഷ് മഴുക്കീറ്റാട, സജി താന്നിക്കൽ, ബിബിൻ കല്ലുംപറമ്പിൽ, ഏബ്രഹാം ചാങ്ങയിൽ എന്നിവർ പ്രസംഗിച്ചു.

**6 – ാം ചരമവാർഷികം**
**10 - 2 - 2019**



**പി.കെ. കുരുവിള (തമ്പി)**
**പുതിയമഠം**
**കുറിച്ചി**
*സന്തപ്ത കുടുംബാംഗങ്ങൾ*

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ

**ഒരു വിശ്വാസി തിരുവല്ല**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ

**ഒരു വിശ്വാസി കുറിച്ചി**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**

**ഒരു വിശ്വാസി**
**ഒരു വിശ്വാസി**
**ഒരു വിശ്വാസി**
**അമ്മിണി ഫിലിപ്പ്**
**ഒരു വിശ്വാസി വെള്ളുത്തുരുത്തി**

**പരി. ദൈവമാതാവിന്റെ ഉപകാരസ്മരണ**

**ഒരു വിശ്വാസി**

**ശെമവൂൻ ശ്ലീഹായ്ക്ക് ഉപകാരസ്മരണ**

**ഒരു വിശ്വാസി തിരുവല്ല**

# നേത്ര പരിശോധനാ ക്യാമ്പ്



അഞ്ചാനി സെന്റ് ജോർജ് ക്നാനായപള്ളിയിലെ വിവിധ ഭക്തസംഘടനകളുടെ സംയുക്ത ആഭിമുഖ്യത്തിൽ റാന്നി ഡോക്ടേഴ്സ് ഐ കെയറുമായി ചേർന്ന് 20–01–2019 ഞായറാഴ്ച രാവിലെ 9.30 മുതൽ ഒരുമണിവരെ പള്ളി ഓഡിറ്റോറിയത്തിൽ സൗജന്യ നേത്ര പരിശോധന ക്യാമ്പ് നടത്തപ്പെട്ടു. റവ. ഫാ.പീറ്റർ കുത്തുകല്ലുക്കൽ (വികാരി) അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്താ ഉത്ഘാടനം ചെയ്തു. റവ.ഫാ. തോമസ് മേപ്പുറത്ത്, ജയ്മോൻ മേപ്പുറത്ത് (ക്നാനായ കോൺഗ്രസ് കേന്ദ്ര ജോ. സെക്ര.) സാബു പാരുമലയിൽ (ഇടവക സെക്രട്ടറി) ബാബു തുണ്ടിയിൽ (ക്നാനായ കോൺഗ്രസ് യൂണിറ്റ് സെക്രട്ടറി) ജോസഫ്കുട്ടി ഇടയാടിയിൽ (ക്നാനായ കോൺഗ്രസ് യൂണിറ്റ് ട്രഷറർ, സണ്ണി ഇടയാടിയിൽ (ഇടവക ട്രസ്റ്റി), ആഷിക്ക് ബാബു (ക്നാനായ യൂത്ത് അസ്സോസിയേഷൻ) ഡെബി സജി (വനിതാസമാജം) എന്നിവർ പ്രസംഗിച്ചു.




**ഫാ. റോയി മാത്യൂസ്, മുളമൂട്ടിൽ**

# സഭ അനുഗ്രഹിക്കപ്പെടുന്നത് എങ്ങനെ?

തോട്ടം നനപ്പാൻ ഒരു നദി ഏദനിൽനിന്ന് പുറപ്പെട്ടു. അത് നാലു ശാഖയായി പിരിഞ്ഞു. ഉല്പ.2:10. ദൈവത്തിന്റെ നദിയുടെ ആദ്യശാഖയായ പിഷോണിനെപ്പറ്റി കഴിഞ്ഞ ലക്കത്തിൽ ചിന്തിച്ചു. രണ്ടാം ശാഖയായ ഗിഹോനെക്കുറിച്ച് ചിന്തിക്കാം.

II ഗിഹോൺ (ഉല്പ.2:13) അത് കൂശ് ദേശത്തെ മുഴുവൻ ചുറ്റി ഒഴുകുന്നു. പെന്തിക്കോസ്തി നാളിൽ സഭ വളരുവാൻ തുടങ്ങി. ശിഷ്യന്മാർ കാത്തിരുന്ന് ശക്തി ലഭിച്ചിട്ട് ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും എന്ന് കർത്താവ് കല്പിച്ചതനുസരിച്ച് (അപ്പോ.പ്ര. 1-8) ഗീഹോൻനദി യരുശലേമിലും ശമര്യയിലും യഹൂദ്യയിൽ എല്ലായിടത്തും ഭൂമിയുടെ അറ്റത്തോളവും ചുറ്റിത്തിരിയുകയാണ്. തൽഫലമായി ഈ നദി ചെന്നു ചേരുന്നിടത്തെല്ലാം ജീവജാലങ്ങൾ പറ്റം ചേർന്നു ജീവിക്കുന്നു. (യഹ. 47: 9 മുതൽ) അവിടെ ധാരാളം മത്സ്യങ്ങളും ഉണ്ടായിരിക്കും. കടലിലെ വെള്ളം ശുദ്ധീകരിക്കുന്നതിനായി ഈ നദി അങ്ങോട്ട് ഒഴുകുന്നു. അങ്ങനെ നദി ഒഴുകുന്നിടത്തെല്ലാം ജീവൻ നിലനിൽക്കും. മുൻമഴയും പിൻമഴയും കൃഷിക്ക് ആവശ്യമായിരുന്നതുപോലെ ദൈവത്തിന്റെ തോട്ടമാകുന്ന സഭയിലെ കൃഷിക്ക് പെന്തിക്കോസ്തു നാളിൽ വിതച്ച വചനത്തിന്മേൽ ആത്മ പകർച്ച ആരംഭിച്ച് സഭ വളരുവാൻ തുടങ്ങി. ഒരർത്ഥത്തിൽ സഭയുടെ ഉത്ഭവവികാസങ്ങളെക്കുറിച്ച് നമുക്ക് ചരിത്രപരമായി പറയാമെങ്കിലും മറ്റൊരർത്ഥത്തിൽ സഭയുടെ ആരംഭം ഈലോക ചരിത്രത്തിന് ഉള്ളിലല്ല എന്നു പല ആദിമ പിതാക്കന്മാരും പഠിപ്പിച്ചിരുന്നു.

ക്രിസ്തുവിലൂടെ ദൈവം നമ്മെ പ്രപഞ്ച സൃഷ്ടിക്കു മുമ്പേതന്നെ തെരഞ്ഞെടുത്തു. (എഫേ.1:3-5) എന്ന് വി. പൗലോസ് പറയുന്നു. രണ്ടാം നൂറ്റാണ്ടിൽ റോമിലെ മെത്രാപ്പോലീത്ത ആയിരുന്ന ക്ലീമിസിന്റെ രണ്ടാം ലേഖനത്തിൽ സൂര്യചന്ദ്രന്മാരെ സൃഷ്ടിക്കുന്നതിനു മുമ്പുതന്നെ ദൈവം സഭയെ സൃഷ്ടിച്ചു എന്നു പറയുന്നു. എന്നാൽ ചരിത്രപരമായി പറയുമ്പോൾ യേശു ക്രിസ്തുവിന്റെ ഉയിർപ്പ് സഭാരൂപീകരണത്തിന്റെ ഒന്നാം ഘട്ടമായിരുന്നെങ്കിൽ അതിന്റെ സുപ്രധാനഘട്ടമാണ് പെന്തിക്കോസ്തി. അപ്പോസ്തല പ്രവർത്തികളിൽ വിവരിക്കുന്ന പെന്തിക്കോസ്തിയുടെ അനുഭവം സഭയുടെ മൗലീകമായ അനുഭവമാണ്. പരിശുദ്ധാത്മാവ് ദൃശ്യമായ ശക്തിയോടെ ആദിമ ക്രിസ്തീയ സമൂഹത്തിൽ ആവസിക്കുകയും വിവിധ ആത്മീയ ദാനങ്ങൾ വർഷിക്കുകയും സഭയ്ക്ക് ദൃശ്യമായ ഘടനരൂപം കൊടുക്കുകയും ചെയ്തു. പിന്നീട് ആദിമ സഭയുടെ ചിന്തയും വാക്കുകളും പ്രവർത്തികളും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നതായി നാം കാണുന്നു. യെറുശലേം സുന്നഹദോസിന്റെ തീരുമാനങ്ങളെക്കുറിച്ച് ഞങ്ങൾക്കും പരിശുദ്ധാത്മാവിനും തോന്നി (അപ്പോ.പ്ര. 15:28)യെന്ന് അതിൽ പങ്കെടുക്കുന്നവർക്ക് പറയത്തക്കവിധം സജീവമായ അനുഭവമായിരുന്നു പരിശുദ്ധാത്മാവിൽ നിന്നും അവർക്ക് ലഭിച്ചത്. പരിശുദ്ധാത്മാവാണ് കർത്താവിന്റെ വാഗ്ദാനമനുസരിച്ച് സഭയെ സത്യത്തിന്റെ പൂർണ്ണതയിലേക്ക് വഴി നടത്തുന്നത്. സഭ പരിശുദ്ധാത്മാവിന്റെ വിശിഷ്ടമായ ആവാസമേഖലയാണ്. ഇത് മനസ്സിലാക്കി രണ്ടാം നൂറ്റാണ്ടിൽ വി.ഐ. റേനിയോസ് പറയുന്നത് "എവിടെ സഭയുണ്ടോ അവിടെ ദൈവത്തിന്റെ ആത്മാവുണ്ട്. എവിടെ ദൈവത്തിന്റെ ആത്മാവുണ്ടോ അവിടെ സഭയും എല്ലാ ദിവ്യ കൃപകളുമുണ്ട്. പരിശുദ്ധാത്മാവ് സത്യമാകുന്നു അതുകൊണ്ട് പരിശുദ്ധാത്മാവിനാൽ പങ്കാളിത്തമില്ലാത്തവർ സഭയാകുന്ന അമ്മയുടെ മുലപ്പാൽ കുടിക്കയോ ക്രിസ്തു ശരീരമാകുന്ന സഭയിൽനിന്ന് ഉത്ഭവിക്കുന്ന ഉറവയിൽനിന്ന് കുടിക്കുകയോ ചെയ്യുന്നില്ല")സഭയിൽ നിത്യജീവന്റെ പ്രവാഹം തടസ്സമില്ലാതെ നിലനിർത്തുന്നത് പരിശുദ്ധാത്മാണ്. നിരന്തരമായി സഭയെ പരിശുദ്ധാത്മാവ് പുതുതാക്കിക്കൊണ്ടിരിക്കുന്നതിനാൽ നാം നേരത്തെ കണ്ട സഭയുടെ വിശേഷണം പുതിയ ജനത, പുതിയവംശം അന്വർത്ഥമാകുന്നു. അപ്പോൾ ദിവ്യ ജീവന്റെ പുതുമയേറിയ അനുഭവം എപ്പോഴും സഭയ്ക്കുണ്ടായിരിക്കണം രക്ഷകനായ ക്രിസ്തുവിനോടുള്ള നമ്മുടെ വിശ്വസ്തതയ്ക്ക് ഭംഗം വരുത്തുന്ന അർത്ഥമില്ലാത്ത പല പാരമ്പര്യങ്ങളിൽനിന്നും ആചരണങ്ങളിൽനിന്നും വിശ്വാസ രീതികളിൽനിന്നും പരിശുദ്ധാത്മാവ് നമ്മേ മോചിപ്പിക്കുന്നു. (അപ്പോ.പ്ര 7:55) ചൈതന്യപൂർണ്ണമായ പാരമ്പര്യങ്ങളിലേക്കും ദൈവതേജസ് വഹിക്കുന്ന ജീവിത ശൈലികളിലേയും ദൈവ ആത്മാവ് സഭയെ നയിക്കുന്നു. ആത്മാവിന്റെ പ്രവാഹത്തെ തടസ്സപ്പെടുത്തുന്ന കലഹത്തിന്റെയും അധികാരമോഹത്തിന്റെയും ശക്തികളെ സഭയുടെ ഉള്ളിൽനിന്ന് നിരന്തരമായി നീക്കം ചെയ്തുകൊണ്ടിരുന്നെങ്കിൽ മാത്രമേ ആത്മാവിന്റെ അതിമഹത്തായ ദാനങ്ങൾ സഭയിൽ പ്രത്യക്ഷപ്പെടുകയുള്ളു. മൂന്നാം നൂറ്റാണ്ടുവരെയും എത്തിയപ്പോൾ പത്ത് റോമാ ചക്രവർത്തിമാരുടെ കാലത്ത് വളർന്നു കൊണ്ടിരുന്ന സഭയ്ക്ക് ഘോരമായ പീഢ ആരംഭിച്ചു. അനേകം ക്രിസ്തീയ യുവതീയുവാക്കന്മാർ രക്തസാക്ഷികളായി മരിച്ചു. അനേകം മെത്രാന്മാരും പാത്രിയർക്കീസന്മാരും കൊല്ലപ്പെട്ടു. സത്യവിശ്വാസം നിലച്ചുപോകുമോ എന്നു ഭയപ്പെട്ട സമയത്ത് 5-ാം നൂറ്റാണ്ടിൽ ദൈവം വി. യാക്കോബ് ബുർദ്ദാന എന്ന് അറിയപ്പെട്ട വിശുദ്ധനെ സത്യത്തിനുവേണ്ടി ധീരതയോടുകൂടി വടക്കു മുതൽ തെക്കുവരെയും പടിഞ്ഞാറു മുതൽ കിഴക്കുവരെയും ഉള്ള

വർക്ക് സുവിശേഷം അറിയിച്ചു അനേക മത പ്രചാരകന്മാരെ വാഴിച്ചും ആയിരത്തിൽപരം വൈദീകരെയും ശെമ്മാശന്മാരേയും അഭിഷേകം ചെയ്യിച്ച, സത്യ വിശ്വാസത്തെ സംരക്ഷിച്ച് സഭയെ വളർത്തി. ഗിഹോൻ നദിയുടെ പ്രവർത്തനത്താൽ തോട്ടം നനയുന്നതിന്റെ ഫലമായി സഭ വളർച്ചയിൽ പൂർണ്ണപ്പെട്ടു വരികയാണ്. ഉപദേശത്തിലും അനുഭവതലത്തിലും വളർന്നു വരേണ്ടിയിരിക്കുന്ന ദൈവത്തിന്റെ അപ്രമേയ ശോഭയിൽ വിളങ്ങുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ഉണ്ടായിട്ടുള്ളതും, ഉണ്ടാകുവാനുള്ളതുമായ സകലത്തെയും പൂർത്തീകരിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിന്റെ നിരന്തരമായ സാന്നിദ്ധ്യവും ആവാസവും മൂലം ക്രിസ്തുവിന്റെ മണവാട്ടിയായ സഭ വിശുദ്ധയായിത്തീരുന്നു. മണവാളനായ ക്രിസ്തു സഭയെ ശുദ്ധവും നിഷ്ക്കളങ്കവുമായി തനിക്കുതന്നെ തേജസ്സോടെ മുൻ നിർത്തേണ്ടതിനും തന്നെത്താൻ അവൾക്കുവേണ്ടി ഏൽപിച്ചു കൊടുത്തു. (എഫേ. 5:26–27) മണവാളനുവേണ്ടി അണിഞ്ഞൊരുങ്ങി സർവാഭരണ വിഭൂഷിതയായ മണവാട്ടിയെപ്പോലെ പ്രത്യക്ഷപ്പെടുന്ന പുതിയ യറുശലേം എന്ന വിശുദ്ധ നഗരം (വെളി.21:2) സഭയുടെ പ്രതീകമാണ് (ഉത്തമ.4:7) എന്റെ പ്രിയേ നീ സർവ്വാംഗ സുന്ദരി നിന്നിൽ യാതൊരു ഊനവുമില്ല. എന്റെ സഹോദരി എന്റെ കാന്തേ നീ എന്റെ ഹൃദയത്തെ അപഹരിച്ചിരിക്കുന്നു. ഒരു നോട്ടം കൊണ്ടും കഴുത്തിലെ മാലകൊണ്ടും തന്നെ. (ഉത്ത.8:9) മണവാളനായ ക്രിസ്തുവിനോടുള്ള ഏകാഗ്രതയും വരങ്ങളും ഫലങ്ങളും അണിഞ്ഞിരിക്കുന്ന സഭയേയും അത്രേ അത് കാണിക്കുന്നത്. (2. കോരി.11:2) ഗിഹേൻ നദി ഇന്നും ചുറ്റി കൊണ്ടിരിക്കുന്നതിനാൽ പ്രശംസിപ്പാൻ ഒന്നുമില്ല. കൃപയാൽ നമുക്കും അനുഗ്രഹിക്കപ്പെടുവാൻ ഇടയായി എന്ന് കണ്ടുകൊണ്ട് ഈ ഭാഗം ചുരുക്കട്ടെ. അടുത്ത നദി ടൈഗ്രീസ് ഇതിനെക്കുറിച്ച് അടുത്ത ലക്കത്തിൽ. ●

# ഇങ്ങനെയും ജീവിതം

കോഴഞ്ചേരി ഡിസ്ട്രിക്റ്റ് ആശുപത്രി വരാന്ത കിടക്കയിൽ കിടക്കുന്ന രാഘവൻ (53) ചെങ്ങന്നൂർ സ്വദേശി. കഴിഞ്ഞ രാണ്ടാഴ്ചയായ് അവിടെ ചികിത്സയിലാണ്. മൈയ്ക്കാട് പണിയാണ് ജോലി. അഞ്ചു വർഷങ്ങൾക്ക് മുമ്പ് ഒരു സ്ട്രോക്ക് ഉണ്ടായി വലതുകാലും കൈയ്യും തളർന്നുപോയി. സംസാര ശക്തിയും നിലച്ചു. കഴിഞ്ഞ നാലു വർഷമായ് ഷുഗറിന്റെയും പിടിയിൽ അമർന്നു കഴിയുകയാണ്. ഷുഗർ കൂടി ഇടതു കാലിന്റെ പൊത്ത പഴുത്തു വ്രണമായതിനാൽ ചികിത്സതേടി വന്നതാണിവിടെ. ഭാര്യ കൂടെയുണ്ട് രണ്ടു മക്കൾ. മകളെ വിവാഹം കഴിപ്പിച്ചയച്ചു. മകൻ വിവാഹിതനാണ്. മൈക്കാടു പണി ചെയ്തു കുടുംബം പുലർത്തുന്നു.

പരസഹായം കൂടാതെ എഴുന്നേല്ക്കുവാനോ, നടക്കുവാനോ, കഴിയാത്ത തനിക്ക് സംസാരിയ്ക്കുവാനും കൂടി കഴിയാത്തത് അയാളെ ആകെ തളർത്തി. ഞങ്ങളോട് ആംഗ്യഭാഷയിൽ സംസാരിക്കുമ്പോൾ ആ കണ്ണുകൾ നിറഞ്ഞു തുളുമ്പിയിരുന്നു. അതിൽ ഏറെ സങ്കടങ്ങൾ കലർന്നിട്ടുണ്ടായിരുന്നു. ആർക്കും വേണ്ടാത്തതും, എല്ലാവർക്കും ഭാരമാകുന്നതുമായ തന്റെ ജീവിതമാകുന്ന സങ്കടം. കണ്ണീർ തുടച്ചുകൊടുത്തുകൊണ്ട് ഭാര്യ അയാളെ ധൈര്യപ്പെടുത്തുന്നു. ആ കാഴ്ച ഞങ്ങളിൽ സൃഷ്ടിച്ച ചലനം കുറച്ചൊന്നുമല്ല.

സങ്കടക്കയത്തിൽ ആണ്ടുപോകുന്ന ഏതൊരുവനും ധൈര്യം നഷ്ടമാകുന്നത് സ്വാഭാവികമാണ്. അത് മനുഷ്യന്റെ ഒരു ബലഹീനതയാണ്. ബലഹീനതയിൽ തികഞ്ഞുവരുന്ന ആത്മാവാണ് മനുഷ്യന്റെ ശക്തി " റോമ.8:26". വിശ്വസിച്ചു ലഭിക്കുന്ന വലിയ ദാനമാണ് ഈ ആത്മാവ്. ശക്തിയും, ബലവും, ധൈര്യവും പകരുന്ന ആത്മാവ്. വിശ്വാസത്തോടെ വിളിച്ചപേക്ഷിക്കുന്ന ശുദ്ധിയുള്ളവർക്ക് അതിനെ നല്കപ്പടുന്നു.

ശുദ്ധിയ്ക്ക് ആധാരം വചനമാണ്. യോഹ.15:3 "ഞാൻ നിങ്ങളോടു സംസാരിച്ച വചനം നിമിത്തം നിങ്ങൾ ഇപ്പോൾ ശുദ്ധിയുള്ളവരാകുന്നു." വചനം ജഡം ധരിച്ചത് ക്രിസ്തുവിലാണ്. ക്രിസ്തുവിന്റെ സാന്നിധ്യമുള്ളിടത്ത് ശുദ്ധി സാധ്യമാണ്. ക്രിസ്തുവിന്റെ സാന്നിധ്യം സാധ്യമാക്കുന്നത് അവന്റെ നാമം വിളിക്കപ്പെട്ടിരിക്കുന്ന വിശ്വാസികളിലൂടെയാണ്. നാമും അതിൽപ്പെട്ടിരിക്കുന്നതിനാൽ നിരാലംബർക്കും, നിസ്സഹായർക്കും, നിരാശ്രയർക്കും നാം ആലംബമാകണം. മറ്റുള്ളവർക്ക് നമ്മുടെ സാന്നിധ്യം ധൈര്യവും, ശക്തിയും നല്കുവാൻ കഴിയണം. നമ്മുടെ സാന്നിധ്യം ആവശ്യക്കാരന്റെ മുമ്പിൽ ഒഴിഞ്ഞ കൈയോടു കൂടിയതാകരുത്, മറിച്ച് നിറഞ്ഞ കൈയോടു കൂടിയതാകണം.. വാക്കുകൾക്കല്ല പ്രസക്തി പ്രവർത്തികൾക്കാണ്. പ്രവർത്തന നിരതമായ വിശ്വാസ ജീവിതമാണ് സാക്ഷ്യം ഉണ്ടാകുന്നത്. അപര്യാപ്തമായവയെ പര്യാപ്തതയിലേക്ക് നയിക്കുവാൻ നടത്തുന്ന പ്രയത്നമാണ് യഥാർത്ഥ സാക്ഷ്യം.

കാഴ്ചയില്ലാത്തവനു കാഴ്ചയും, ശബ്ദമില്ലാത്തവനു ശബ്ദവും, ബലഹീനനു ബലവും, അശക്തനു ശക്തിയും, ധൈര്യഹീനനു ധൈര്യം പകരുന്ന സാന്നിധ്യവും, സാമീപ്യവും ആയിരിക്കട്ടെ നമ്മുടെ വിശ്വാസ ജീവിതം. ക്രിസ്തു കാട്ടിയ മാതൃക പിൻ പറ്റുവാൻ ഭൂമിയിൽ അവശേഷിക്കുന്ന ശേഷിപ്പാണ് നാം ഓരോരുത്തരും. നമ്മിലൂടെ നമ്മുടെ കർത്താവ് ഇന്നും ജീവിക്കുന്നു. നാം തലമുറയ്ക്കു കൈമാറുന്ന നല്ല സാക്ഷ്യമുള്ള മാതൃകകളിലൂടെ കർത്താവ് നാളെയും ജീവിക്കും. നമുക്ക് ആ ഉത്തരവാദിത്തം നിറപടിയായ് നിർവ്വഹിക്കുവാൻ സഹജീവികളെ സഹോദരങ്ങളായ് കാണാം, സഹായിക്കാം. അതിനു ദൈവം നമ്മെ സഹായിക്കട്ടെ.

**Fr. Andrews Kadappangattu, Ranni**

**Mob. 9495184701**



ഡോ. സുനിൽ ഡി. കുരുവിള

# അനുഗ്രഹമായ വാർദ്ധക്യം

ഒരിക്കൽ തന്റെ അപ്പച്ചൻ മാവിൻ തൈകൾ നടുന്നതു കണ്ടിട്ട് കൊച്ചുമകൻ ചോദിച്ചു, അപ്പച്ചാ ഇതിലെ ഏതെങ്കിലും ഒരു മാങ്ങാ അപ്പച്ചനു തിന്നാൻ സാധിക്കുമെന്ന് വിശ്വാസമുണ്ടോ?

സ്നേഹത്തോടെ കൊച്ചുമകനെ ചേർത്തു നിർത്തി കൊണ്ട് അപ്പച്ചൻ പറഞ്ഞു, ഞാൻ ഈ മാവുകൾ വെക്കുന്നത് എനിക്ക് മാങ്ങാ തിന്നാൻ വേണ്ടിയല്ല മകനെ, നിനക്കും നിന്റെ തലമുറയിലുള്ളവർക്കും വേണ്ടിയാണ് .

അപ്പച്ചന്റെ ഈ പ്രായത്തിൽ മാങ്ങ തിന്നുന്നതിനേക്കാളും പ്രധാനം മാവുവെക്കുന്നതാണ് .

ഇതാണ് അനുഗ്രഹപ്രദമായ വാർദ്ധക്യം. ഈ തിരിച്ചറിവാണ് വാർദ്ധക്യത്തെ മനോഹരമാക്കുന്നത്. കഴിക്കാനുള്ള ആർത്തിയല്ല. മറിച്ച് കൊടുക്കാനുള്ള ആവേശമാണ് വാർദ്ധക്യത്തിന്റെ ഭാവം. നാം അനുഭവിച്ചതും ആസ്വദിച്ചതും ആഘോഷിച്ചതും അതിൽ നിന്നെല്ലാം തിരിച്ചറിഞ്ഞതും തിരികെ നൽകേണ്ട കാലം. അതെ, വാർദ്ധക്യം ഒരു സാംസ്കാരിക കാലഘട്ടമാണ്, ജ്ഞാനത്തിന്റെയും.

വചനം പറയുന്നു വാർദ്ധക്യം മാന്യതയുടെയും ആത്മനിയന്ത്രണത്തിന്റെയും കാലമായിരിക്കണം. വിശ്വാസത്തിലും സ്നേഹത്തിലും തികവും ആഴവും ഉണ്ടായിരിക്കണം. തെളിഞ്ഞ ചിന്തകൊണ്ടും സൽ പ്രവർത്തികൊണ്ടും അത് അലങ്കരിക്കണം. സകലതിലും മാതൃകയുള്ള ജീവിതം നയിക്കണം. നന്മ ഉപദേശിക്കുകയും വരും തലമുറയെ പ്രബോധിപ്പിക്കുകയും വേണം. ദൈവവചനം ദുഷിക്കപ്പെടാതിരിക്കേണ്ടതിന് ഉയർന്നു ജീവിക്കണം. (തീത്തോസിന് എഴുതിയ ലേഖനം 2-ാം അദ്ധ്യായം).

'Aging well is the supreme expression of wisdom''

വാർദ്ധക്യം ശരീരം കൊണ്ട് കുറയുമ്പോഴും ജ്ഞാനം കൊണ്ട് നിറയുന്ന കാലഘട്ടമാണ്. കാഴ്ച കുറയുമ്പോഴും കേൾവി കുറയുമ്പോഴും, പല്ലുകൊഴിയുമ്പോഴും ഓർക്കുക അതിനെല്ലാം അതിന്റേതായ അർത്ഥമുണ്ട്. ശരീരത്തിന്റെ കുറവ് ആത്മീയതയുടെയും, ജ്ഞാനത്തിന്റെയും തികവുകൊണ്ടാണ് വീണ്ടെടുക്കേണ്ടത്. ഓരോ ദിവസവും ദൈവം തരുന്ന വലിയ ഭാഗ്യമാണ്, അവസരമാണ്, സമ്മാനമാണ്. ഇന്നലെ നമ്മുടെ കൂടെയുണ്ടായിരുന്ന അനേകർ ഈ പ്രഭാതം കണ്ടില്ല. ഈ നിമിഷം എത്ര മനോഹരമായ ദൈവദാനമാണ്!

ജീവിതത്തിന്റെ നീളം കൂടുമ്പോൾ അതിന്റെ complexity യും കൂടിയേക്കാം. അത് സന്തോഷത്തോടെ അംഗീകരിക്കാൻ കഴിയണം. നമ്മുടെ പരിമിതികളെ തിരിച്ചറിയണം. ആഗ്രഹങ്ങളെയും ആവശ്യങ്ങളെയും പക്വമായി ക്രമീകരിക്കേണ്ട കാലമാണിത്. അമിത ഭക്ഷണവും, അമിത അദ്ധ്വാനവും കുറക്കാം. എന്തിന് അമിത ആകുലതകൾ?. തൃപ്തി കണ്ടെത്താനും ആശ്വാസം കണ്ടെത്താനും ശീലിക്കണം. പ്രവർത്തനം, ധ്യാനം, കൂട്ടായ്മ, കൊച്ചുമക്കളുടെ ജീവിതവുമായി ചേർന്നുള്ള പ്രവർത്തനം, സമൂഹത്തിലെ നന്മയുള്ള പ്രതിഫലനം ഒക്കെ നമ്മെ കൂടുതൽ അർത്ഥമുള്ള ജീവിതത്തിലേക്കും തൃപ്തിയിലേക്കും നയിക്കും.

ഇല്ലായ്മകളെയല്ല ഉള്ളതിനെ ഓർത്ത് സന്തോഷിക്കാം. പരാതികൾ നമ്മെ കൂടുതൽ രോഗമുള്ളവരാക്കും. തൃപ്തി സമാധാനവും അതുവഴി സൗഖ്യവും നൽകും. എല്ലാവരുമായി സഹകരിക്കുവാനും എല്ലാത്തിനെയും ഉൾക്കൊള്ളുവാനും ശ്രമിക്കാം.

നമ്മുടെ ആവശ്യങ്ങൾ മടികൂടാതെ ആശയവിനിമയം ചെയ്യാം. നമ്മെ സഹായിക്കാനും, കരുതാനും, സ്നേഹിക്കാനും തയ്യാറുള്ള മനസ്സുള്ള ധാരാളം ആൾക്കാർ നമുക്ക് ചുറ്റും ഉണ്ടെന്ന് എപ്പോഴും ഓർക്കുക. അവരോട് നമ്മുടെ ആവശ്യങ്ങൾ അറിയിക്കാനും ആകുലതകൾ പങ്കുവെക്കാനും മടികാണിക്കാതിരിക്കാം.

ശരീരവും, മനസ്സും ചുറുചുറുക്കോടെ സൂക്ഷിക്കാം. നമ്മളാൽ കഴിയുന്ന ജോലികളും, പ്രവർത്തനങ്ങളും, സേവനങ്ങളും ഒക്കെ സന്തോഷത്തോടെ ചെയ്യാം. ജീവൻ ചലനമുള്ളതാണ്. മനസ്സും ശരീരവും ചലനാത്മകമായി നിലനിർത്താം. നമ്മുടെ താല്പര്യങ്ങൾ ഹോബി ഒക്കെ വാർദ്ധക്യകാലത്ത് പൊടിതട്ടിയെടുക്കാം . പുതിയ താല്പര്യങ്ങൾ കണ്ടെത്താം. വായന, സംഗീതം, കൃഷി, കൂട്ടായ്മ, കളികൾ, ക്ലബ് ആക്ടിവിറ്റീസ്, പ്രയർ ഗ്രൂപ്പ് ഒക്കെ നമ്മെ കൂടുതൽ ഉത്സാഹഭരിതരാക്കും.

എപ്പോഴും നന്ദിയുള്ളവരായിരിക്കാം. എല്ലാവരെക്കുറിച്ചും നല്ലത് പറയാം. സന്തോഷം ഒരു മനോഭാവമാണ്. സംസ്കാരമാണ്. അത് നമ്മിൽ തന്നെ കണ്ടെത്താൻ ശ്രമിക്കാം.

ലളിത ജീവിതം, ലളിത ഭക്ഷണം, നമ്മെ കൂടുതൽ ശക്തിയുള്ളവരാക്കും. ലളിത ജീവിതത്തിലൂടെ നമുക്ക് മാതൃകയുള്ളവരായിരിക്കാം. മറ്റുള്ളവരെ സഹായിക്കാനും പ്രചോദിപ്പിക്കാനും അവസരങ്ങൾ വിനിയോഗിക്കാം.

പ്രായത്തെ മറക്കാൻ പാടുപെടേണ്ടതില്ല. വാർദ്ധക്യത്തെ സന്തോഷത്തോടെ സ്വീകരിക്കാം. നരച്ച തല ശോഭയുള്ള കിരീടമാകുന്നു. നീതിയുടെ മാർഗത്തിൽ അതിനെ പ്രാപിക്കാം Proverbs 16.31

പണത്തോടും സ്ഥാനമാനങ്ങളോടും അധികാരത്തോടുമുള്ള ആർത്തിവെടിയാം. കൂടുതൽ വിട്ടുകൊടുക്കാനും സ്നേഹിക്കാനും സമാധാനം പ്രചരിപ്പിക്കാനും ക്രിസ്തു

മാതൃകയോടെ ജീവിക്കാനും ശ്രമിക്കാം. വാർദ്ധക്യം ഒരു പുതുക്കപ്പെടലാകട്ടെ. കൂടുതൽ നന്മയും സമാധാനവും ലോകത്തിന് ചൊരിയാൻ നമ്മുടെ ഓരോരുത്തരുടെയും ജീവിതം രൂപാന്തരപ്പെടുത്താം.

പ്രായം നമ്മുടെ ശരീരത്തെ തളർത്തിയേക്കാം ത്വക്കിനെ ചുളുക്കമുള്ളതാക്കിയേക്കാം. എന്നാൽ അനുഗ്രഹത്തോടെ വിശ്വാസത്തോടെ വാർദ്ധക്യത്തെ അംഗീകരിക്കുന്നവരുടെ ഹൃദയം ദൈവത്താൽ പുതുക്കപ്പെടും. കൂടുതൽ സൗന്ദര്യവും ജ്ഞാനവുമുള്ളതായി രൂപാന്തരപ്പെടും.

വാർദ്ധക്യം നഷ്ടമല്ല. നമ്മുടെ ജീവിതത്തിന്റെ ഏറ്റവും അർത്ഥവത്തായ ഒരു കാലഘട്ടമാണ്. കുറെകൂടി ക്ഷമയോടെ, കരുതലോടെ ജീവിതത്തെ വീക്ഷിക്കാനും, ആസ്വദിക്കാനും, ബന്ധപ്പെടുത്താനുമുള്ള (connect ) ഒരു വൈജ്ഞാനിക കാലഘട്ടം. ആസ്വദിക്കാം.

( സുനിൽ ഡി. കുരുവിള ഇൻസൈറ്റ് മിഷന്റെ സ്ഥാപകനും, പ്രമുഖ മാനവശേഷി വികസന പരിശീലകനും കൗൺസിലറുമാണ്. www.insightmission.org)

## ക്നാനായ കോൺഗ്രസ് സൗജന്യ മെഡിക്കൽ ക്യാമ്പും മരുന്നു വിതരണവും, രക്തപരിശോധനയും നടത്തി



ക്നാനായ കോൺഗ്രസ് ഐത്തല സെന്റ് കുറിയാക്കോസ് യൂണിറ്റും, തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളജും, റാന്നി ന്യൂ ഡയഗ്ണോസ്റ്റിക്ക് സെന്ററിന്റെയും ആഭിമുഖ്യത്തിൽ നടന്ന മെഡിക്കൽ ക്യാമ്പ് പഴവങ്ങാടി പഞ്ചായത്ത് പ്രസിഡന്റ് ജോസഫ് കുറിയാക്കോസ് ഉദ്ഘാടനം ചെയ്തു. വികാരി റവ. ഫാ. ജെയിൻ തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. യൂണിറ്റ് സെക്രട്ടറി റെജി ജേക്കബ് പഴൂർ, ഇടവക ട്രസ്റ്റി ജേക്കബ് മാത്യു വാണിയേടത്ത്, ക്നാനായകമ്മറ്റി മെമ്പർ ജേക്കബ് തോമസ് മറ്റക്കാട്ട്, മുൻ കേന്ദ്ര ജനറൽ സെക്രട്ടറി സ്മിജു ജേക്കബ് മറ്റക്കാട്ട്, യൂണിറ്റ് ട്രഷറാർ മനോജ് പടിഞ്ഞാറേമുറിയിൽ, അനൂപ് മൂലേത്തറ എന്നിവർ പ്രസംഗിച്ചു. കാർഡിയോളജി, ജനറൽ മെഡിസിൻ, ജനറൽ സർജറി, ഗൈനക്കോളജി, ഇ.എൻ.റ്റി. അസ്ഥിരോഗം, ശിശുരോഗം, നേത്രരോഗം എന്നീ വിഭാഗത്തിലെ ഡോക്ടർമാർ സേവനം അനുഷ്ഠിച്ചു. 450 രോഗികൾക്ക് ഈ ക്യാമ്പ് പ്രയോജനപ്പെട്ടു.




ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളി സൺഡേസ്ക്കൂൾ പ്രവേശനോത്സവം



# പരി. മഞ്ഞനിക്കര ബാവ ഒരു അനുസ്മരണം

ഫാ. ജേക്കബ് ഫിലിപ്പ് നടയിൽ

വിശ്വാസികളായി വാങ്ങിപ്പോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും വിശുദ്ധരോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും ക്രിസ്തീയസഭയുടെ ആദികാലംമുതലുള്ള നടപടിയും ആചാരവും വിശ്വാസവും ആകുന്നു. ഈ വിശ്വാസം വേദാധിഷ്ഠിതവുമാകുന്നു. ഇത് എബ്രായ ലേഖനത്തിന്റെ13:7–9 വരെയുള്ള ഭാഗത്തിന്റെ വെളിച്ചത്തിലാകുന്നു.

തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്ക് വിലയേറിയതാകുന്നു (സങ്കീ.116:15). ദൈവവിശ്വാസത്തിൽ ജീവിച്ചിട്ടുള്ളവർ തിരശീലയ്ക്ക് അപ്പുറവും ആത്മീയതയിൽ വളർന്നുകൊണ്ടിക്കുന്നതോടൊപ്പം വാങ്ങിപ്പോയവരുടെ മദ്ധ്യേയുള്ള കൂട്ടായ്മയിലും ആത്മീയത പകർന്നുകൊണ്ടിരിക്കും. അബ്രഹാം കേൾക്കുന്ന ആശിർവാദത്തിന്റെ ശബ്ദം "നീയോനല്ല വാർദ്ധക്യത്തിൽ സമാധാനത്തോടെ നിന്റെ പിതാക്കന്മാരോടു ചേരുകയും സംസ്ക്കരിക്കപ്പെടുകയും ചെയ്യും. (ഉല്പ.15:15) എന്നത്രേ. യാത്ര ചോദിച്ചുപോകുന്നവർ വെറും കൈയ്യോടെയല്ല പോകുന്നത്. ജീവിത ശൈലിയുടെ നല്ല അനുഭവങ്ങളായ വിശ്വാസം, പ്രത്യാശ, സ്നേഹം ഇവയോട് ബന്ധപ്പെട്ട് ജീവിച്ചതിനാൽ ഹാബേലിന്റെ മരണാനന്തര ജീവിതം "മരിച്ചശേഷവും വിശ്വാസത്തിൽ സംസാരിച്ചുകൊണ്ടിരുന്നു" (എബ്രാ.11:4). 'വീട്' വിട്ടുപിരിയാനുള്ള ഇടം ആകയാൽ സമയം, സ്ഥലം, സൗകര്യങ്ങൾ, പദവികൾ ഇവയെല്ലാം പങ്ക് വച്ച് ജീവിക്കുന്നവനാണ് യഥാർത്ഥ സമ്പന്നൻ. എടുത്തതിലേറെ-ലഭിച്ചതിലേറെ കൊടുത്തു ശീലിച്ച ജീവിതം കൂടുതൽ ശോഭയുള്ളതായിരിക്കും.

മഞ്ഞനിക്കരയുടെ മാണിക്യം എന്നു വിശേഷിപ്പിക്കുന്ന, ദൈവസന്നിധിയിൽ ശോഭയോടെ പ്രശോഭിക്കുന്ന ഓമല്ലൂർ ബാവ (പരിശുദ്ധ ഏലിയാസ് തൃതിയൻ ബാവ) 1867 ഒക്ടോബർ 13-ാം തീയതി മർദ്ദീനിൻ (ടർക്കി) ജനിച്ചു. ഷാക്കിർ കുടുംബത്തിൽ വന്ദ്യ ഏബ്രഹാം കോർ എപ്പിസ്ക്കോപ്പായുടേയും മറിയാമിന്റെയും രണ്ടാമത്തെ മകനായി ജനിച്ച ബാവ, നാസിറി (ജയാളി) എന്ന പേരിലാണ് അറിയപ്പെട്ടത്. പരി. ബാവായ്ക്ക് നാല് സഹോദരൻമാരും മൂന്ന് സഹോദരികളും ഉണ്ടായിരുന്നു. പരി. ബാവായുടെ പ്രാഥമിക വിദ്യാഭ്യാസം മർദ്ദീനിൽ തന്നെയായിരുന്നു. 1887 ൽ (20 വയസ്സുള്ളപ്പോൾ) പരി. പത്രോസ് തൃതിയൻ പാത്രിയർക്കീസ് ബാവായിൽ നിന്ന് ശെമ്മാശപട്ടം സ്വീകരിച്ചു. പിന്നീട് ഏലിയാസ് എന്ന പേരിൽ അറിയപ്പെട്ടു. 1888/89 ൽ ഏലിയാസ് ശെമ്മാശനെ ശർവോയൊ റമ്പാനാക്കി. പിന്നീട് കുർക്കുമ ദയറായിൽ താമസിച്ച് പഠനം പൂർത്തിയാക്കി. 1892 ൽ പരിശുദ്ധ പത്രോസ് തൃതിയൻ ബാവായിൽ നിന്ന് കശ്ശീശാ പട്ടം സ്വീകരിച്ചു. തുർക്കി ഗവൺമെന്റ് അർമ്മേനിയൻ ക്രിസ്ത്യാനികളെ പീഢിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ഏഴായിരത്തിലധികം അർമ്മേനിയൻ ക്രിസ്ത്യാനികൾക്ക് അഭയം നൽകിയത് ഏലിയാസ് കശ്ശീശായായിരുന്നു.

41 വയസ്സുള്ളപ്പോൾ (1908) പരി. അബ്ദേദ് ആലോഹോ രണ്ടാമൻ പാത്രിയർക്കീസ് ബാവ മർദ്ദീനിൽ വച്ച് ഏലിയാസ് കശ്ശീശായെ ഈവാനിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിച്ചു. മാർ ഈവാനിയോസ് ഏലിയാസ് ബാവ ഡയർബക്കർ ഭദ്രാസനത്തിന്റെ ചുമതലകൾ (1908–1911) നിർവ്വഹിച്ചു. 1915 നവംബർ 26-ാം തീയതി അബ്ദുള്ള ദ്വിതിയൻ പാത്രിയർക്കീസ് ബാവ കാലം ചെയ്തതിനെ തുടർന്ന് മോർ ഈവാനിയോസ് ഏലിയാസ് മെത്രാപ്പോലീത്താ കൈമാഖാമായി (താൽക്കാലിക ഭരണ കർത്താവായി) തിരഞ്ഞെടുക്കപ്പെട്ടു. ഒരു വർഷത്തോളം കൈമാഖാം എന്ന ചുമതല നിർവ്വഹിച്ചു. 1917 കുംഭം 12-ാം തീയതി പാത്രിയർക്കീസായി തിരഞ്ഞെടുക്കപ്പെട്ടു.

മലങ്കര സഭയിലെ കക്ഷി വഴക്കിനു പരിഹാരം കാണുന്നതിനായി ഇൻഡ്യയിലേക്ക് എഴുന്നള്ളി. ഹൃദ്രോഗബാധിതനായിരുന്ന പരി. ബാവ യാത്രചെയ്യുന്നത് അഭിലഷണീയമല്ലെന്നു ഡോക്ടർമാർ ഉപദേശിച്ചിട്ടും "നാം മലങ്കരയിലെ നമ്മുടെ മക്കൾക്ക് വേണ്ടി നമ്മുടെ ജീവനെ ബലികഴിക്കുന്നു" എന്ന മറുപടി ശ്രദ്ധേയമാണ്.

1931 ഫെബ്രുവരി 6-ാം തീയതി മുസലിൽനിന്ന് ഒരു സംഘമായി യാത്ര തിരിച്ചു. ഇൻഡ്യയിലെത്തിയ പരി.ബാവായും സംഘവും നിരവധി പള്ളികൾ സന്ദർശിച്ചു. 1932 ഫെബ്രുവരി 11-ാം തീയതി മഞ്ഞനിക്കര മാർ സ്തേഫാനോസ് പള്ളിയിലെ ക്ഷണപ്രകാരം എത്തിച്ചേർന്നു. സമാധാനശ്രമങ്ങൾ ഫലപ്രാപ്തിയിലെത്താത്തതിലുള്ള മനഃക്ലേശത്താലും ദീർഘയാത്രയാലും പരിശുദ്ധ ബാവ ക്ഷീണിതനായി. ഫെബ്രുവരി 13-ാം തീയതി ശനിയാഴ്ച ബാവ കല്പിച്ചപ്രകാരം മോർ ക്ലീമ്മീസ് യൂഹാനോൻ അബ്ബാച്ചി, വി. കുർബ്ബാന അർപ്പിച്ചു. പരി. ബാവ വി. കുർബ്ബാന മദ്ധ്യേ പ്രസംഗിച്ചു. മദ്ധ്യാഹനപ്രാർത്ഥനയ്ക്ക് ശേഷം ഭക്ഷണം കഴിച്ചു. ഉച്ചകഴിഞ്ഞ് സമയം രണ്ടര, പരിശുദ്ധനായ പിതാവ് തന്റെ അരുമനാഥന്റെ സന്നിധിയിലേക്ക് യാത്രയായി. മഞ്ഞനിക്കര കുന്നിന്റെ അസ്തമിക്കാത്ത സൂര്യനായി, വലിയ മദ്ധ്യസ്ഥനായി പുണ്യപിതാവ് ജനസഹസ്രങ്ങളുടെ ഹൃദയത്തിൽ ഇന്നും ജീവിക്കുന്നു.

പരി. ഇഗ്നാത്തിയോസ് സഖാ ഒന്നാമൻ ബാവായുടെ E265/87 കല്പനപ്രകാരം മഞ്ഞനിക്കര ബാവായുടെ പേര് തുബ്ദേനിൽ ചേർക്കപ്പെട്ടു.

# ഇടയനും ആടുകളും (യോഹ.10)

ലീലാമ്മ ഏബ്രഹാം പാലക്കുടി

ഒരു ആട്ടിൻ പറ്റത്തിന് ഒരു ഇടയൻ അനിവാര്യമാണ്. പുൽപ്പുറം തേടി ആടുകൾ അലയേണ്ടതിനെ നോക്കുക മാത്രമല്ല ചെന്നായ്ക്കൾ. കള്ളന്മാർ എന്നിവയിൽ നിന്ന് സംരക്ഷിക്കേണ്ട ചുമതലയും ഒരു ഇടയനുണ്ട്.

**1. ഇടയന്റെ പ്രത്യേകതകൾ**

1. എല്ലായ്പ്പോഴും ഉണർന്നും ജാഗ്രതയുള്ളവനുമായിരിക്കണം.
2. ഭയമില്ലാത്തവനും ധീരതയുള്ളവനുമായിരിക്കണം
3. ആടുകളോട് നിർവ്യാജ സ്നേഹമുള്ളവനായിരിക്കണം

**2. ഇടയന്റെ കൈയ്യിൽ എന്തൊക്കെയുണ്ടായിരിക്കണം**

1. ഇടയന്റെ ഭക്ഷണം സൂക്ഷിപ്പാൻ ഒരു സഞ്ചി
2. ആടിനെ തെളിയിക്കുവാൻ ഒരു ചെറിയ വടി
3. ആടിന് കൊമ്പുകൾ ചായിച്ചുകൊടുത്തു തീറ്റുവാനും ശത്രുവിനെ ഓടിക്കാനും ഒരു വലിയവടി

**3. ഈ ഇടയൻ ആര്? ആടുകൾ ആര്? ആടുകളുടെ വാതിൽ ആര്?**

1. യഹോവയെ ഇടയനായി പഴയ നിയമത്തിൽ ചിത്രീകരിച്ചിരിക്കുന്നു സങ്കീ. 23:1, 29:13, 80:1, 95:7, യെശയ്യ 40:11
2. യേശു നല്ല ഇടയനായി പുതിയ നിയമത്തിൽ ചിത്രീകരിച്ചിരിക്കുന്നു മത്തായി 18:12, ലൂക്കോ.15:4, മത്തായി 9:36, മർക്കോ. 14:12, മത്തായി26:31.
3. യേശു വലിയ ഇടയൻ എബ്രായർ 13:20 സഭയെ സംബന്ധിച്ച് സഭാഭരണാധികാരികൾ ഇടയന്മാരാണ്. വിശ്വാസികളായ നാം ഓരോരുത്തരും ആടുകളുമാണ്.

**ആടുകളുടെ വാതിൽ ആര്?**

യോഹന്നാൻ 10:17 ൽ ആടുകളുടെ വാതിൽ ഞാനാകുന്നു എന്ന് യേശു ക്രിസ്തു പറഞ്ഞിരിക്കുന്നത് കാണാം. ആടിനെ സൂക്ഷിക്കുന്ന ആലയ്ക്ക് വാതിൽ ഒന്നേയുള്ള മത്താ. 16:18,19 അത് നമ്മുടെ കർത്താവിന്റെ ശരീരമായ സഭയാണ്. അതിന് പല വാതിൽ ഇല്ല. കാതോലികവും, അപ്പസ്തോലികവും ആയ ഏക വി.സഭ മാത്രം. ഈ സഭയിൽ കൂടിയല്ലാതെ ആട്ടിൽപറ്റത്തെ സമീപിക്കുന്നവർ കള്ളന്മാരും, കവർച്ചക്കാരുമാകുന്നു. അങ്ങനെയുള്ളവരുടെ ശബ്ദം ആടുകൾ കേൾക്കുന്നത് അനുസരിക്കരുത്. ശാസ്ത്രിപരീശന്മാരെ ഈ കൂട്ടത്തിൽ ഉൾപ്പെടുത്താം. കർത്താവിന്റെ സഭയാകുന്ന വാതിൽവഴിയല്ലാതെ വരുന്നവനും ഈ കൂട്ടത്തിൽപെടുന്നു. എന്നാൽ യഥാർത്ഥ ഇടയൻ ആടുകളെ പേർചൊല്ലി വിളിക്കുകയും ആടുകൾ ഇടയന്റെ ശബ്ദം തിരിച്ചറിയുകയും ചെയ്യും.

ഇടയൻ രാത്രിയിൽ ആടുകളെ വേലികെട്ടി സൂക്ഷിക്കുകയും വാതിൽ കാത്ത് കിടക്കുകയും ചെയ്യുന്നു. ആടുകൾ പുറത്തേക്കിറങ്ങിയാലും ആരെങ്കിലും അകത്തേക്കു കയറിയാലും ആ ഇടയനെ ചവിട്ടാതെ കടക്കാൻ സാദ്ധ്യമല്ല. അങ്ങനെ കാവൽ കിടക്കുന്ന ആ വാതിൽ കർത്താവ് തന്നെ. ഇടയന് ആടുകളോടുള്ള ഉത്തരവാദിത്തമാണ് ഇവിടെ കാണുന്നത്. അവനിൽ കൂടിയാണ് നമുക്ക് പിതാവിങ്കലേക്കുള്ള പ്രവേശനം എന്ന് എഫേ.2:18 ൽ പൗലോസ് ചൂണ്ടിക്കാണിക്കുന്നു. ആടുകൾക്ക് ജീവനുണ്ടാക്കുവാനും അത് സമൃദ്ധിയായി ഉണ്ടാകുവാനുമത്രേ നമ്മുടെ ഇടയൻ വന്നിരിക്കുന്നത്. മാമോദീസായിൽ കൂടി ആത്മീയ ജീവൻ പ്രാപിച്ച നാം കൂദാശകൾ വഴിയുള്ള പൂർണ്ണജീവൻ പ്രാപിക്കേണ്ടിയിരിക്കുന്നു.



**4. നല്ല ഇടയനും ചീത്ത ഇടയനും തമ്മിലുള്ള വ്യത്യാസം**

യഥാർത്ഥ ഇടയൻ തന്റെ ജോലി സത്യമായി നിർവ്വഹിക്കുകയും തന്നെക്കാൾ അധികമായി ആടിന്റെ കാര്യത്തിൽ ശ്രദ്ധവയ്ക്കുകയും ചെയ്യുന്നു. എന്നാൽ വ്യാജ ഇടയൻ ഉത്തരവാദിത്വബോധമില്ലാത്ത കൂലിക്കാരൻ മാത്രമാണ്. അവൻ അത് ഒരു വിളിയായി കരുതാതെ പണ സമ്പാദ്യ മാർഗ്ഗമായി

*ശേഷം 24 –ാം പേജിൽ*



# മലർവാടിക്കൂട്ടം

ഒരു ചെന്നായയുടെ മുമ്പിൽ രക്ഷപെടാനാകാത്തവിധം ഒരു ആട് അകപ്പെട്ടു. രക്ഷയില്ലെന്നു മനസ്സിലായപ്പോൾ ആട് ഒരു ഉപായം പ്രയോഗിച്ചു. ഓടിക്കൊണ്ടിരുന്ന ആട് പെട്ടെന്ന് നിന്നു. എന്നിട്ടു പറഞ്ഞു ഞാൻ താങ്കൾക്ക് കീഴടങ്ങിയിരിക്കുന്നു. താങ്കൾ എന്നെ കടിച്ചുകീറി വിശപ്പടക്കുവാൻ ഇനി താമസമില്ലെന്ന് എനിക്കറിയാം. എങ്കിലും ആഹ്ലാദത്തോടെ മരിച്ചാൽ കൊള്ളാമെന്നുണ്ട്. എന്റെ എളിയ ആഗ്രഹം ഇതാണ്. എനിക്കുവേണ്ടി താങ്കൾ അല്പനേരം പുല്ലാങ്കുഴൽ വായിച്ചാൽ വലിയ ഉപകാരമായിരിക്കും. ഞാൻ അതിനൊത്ത് നൃത്തം ചെയ്യാം. അതിന്റെ ലഹരിയിൽ ഞാൻ മുഴുകുമ്പോൾ താങ്കൾ എന്നെ ഭക്ഷിച്ചു കൊള്ളുക.

എളിമയോടുകൂടിയ ആടിന്റെ വാക്കുകൾ കേട്ട് ചെന്നായ് പുല്ലാങ്കുഴൽ വായിക്കാൻ സമ്മതിച്ചു. ആട് നൃത്തവും തുടങ്ങി. അപ്പോൾ അടുത്ത മരക്കൊമ്പിലെ പറവകൾ ഹർഷാരവം മുഴക്കി. അസാധാരണമായ ഈ ശബ്ദം കേട്ടിട്ടാവണം ഏതാനും നായാട്ടുനായ്കൾ കുരച്ചുവരുവാൻ താമസമുണ്ടായില്ല. അതിനിടയിൽ ചെന്നായ് ജീവനുംകൊണ്ട് ഓടി. ആടു സ്വന്തം വീട്ടിലേക്കും. നായ്ക്കളിൽനിന്നും രക്ഷപെട്ട ചെന്നായ് ഇങ്ങനെ ആത്മഗതം ചെയ്തു. "എനിക്ക് ഇത് കിട്ടണം. ഒരു കശാപ്പുകാരന്റെ ജോലിയാണ് ഞാൻ ചെയ്യേണ്ടിയിരുന്നത്. അതു മറന്ന് ഓടക്കുഴൽ വായനക്കാരനാകാൻ ശ്രമിക്കേണ്ടിയിരുന്നില്ല'.

പലപ്പോഴും നിത്യ ജീവിതത്തിൽ സംഭവിക്കുന്നതാണിത്. സ്വന്തം ഉത്തരവാദിത്തം മറന്ന് പോകുന്നു. പലരേയും അനുകരിക്കാൻ ശ്രമിക്കും അവസാനം പലപ്പോഴും പരാജയമായിരിക്കും ഫലം.

അതുകൊണ്ട് മറ്റൊരാളെ അനുകരിച്ച് വിഡ്ഢിയാകാതെ സ്വയം ജോലിയിൽ ശ്രദ്ധിക്കുകയാണ് വേണ്ടത്.

സസ്നേഹം

കൊച്ചേട്ടൻ

23-ാം പേജ് തുടർച്ച

മാത്രം കാണുന്നു യോഹ.10:11 ഞാൻ നല്ല ഇടയനാകുന്നു എന്ന് യേശു പറഞ്ഞിരിക്കുന്നു. നല്ല ഇടയനായ യേശു തന്റെ ജീവൻ തന്ന് സഭയെ വീണ്ടെടുത്തു. എന്നാൽ ഇടയനും ഉടമസ്ഥനുമല്ലാതെ കൂലിക്കാരൻ ചെന്നായ് വരുമ്പോൾ ആടുകളെ വിട്ട് ഓടിപ്പോകുകയും ചെന്നായ് അവയെ പിടിച്ച് ചീന്തികളകയും ചെയ്യുന്നു.

**ആട്ടിൻകൂട്ടത്തെ കർത്താവിന്റെ സഭയോട് സാമ്യപ്പെടുത്തുന്നു.** രണ്ടു തരത്തിലുള്ള ആപത്തുകളാണ് സഭയ്ക്കുണ്ടാകുന്നത്.

1. ചെന്നായ്ക്കൾ, കള്ള പ്രവാചകന്മാർ ആദിയായവരുടെ പുറമെ നിന്നുള്ള ആപത്ത്.

2. വ്യാജ ഇടയന്മാർ മൂലമുള്ള അകമേ നിന്നുള്ള ആപത്ത്

അവർ സേവന രംഗമായല്ല ഉപജീവനമാർഗ്ഗമായി ചുമതലയെ കാണുന്നു. എന്നാൽ കർത്താവിന്റെ മാതൃകയിൽ അടിസ്ഥാനപ്പെട്ട നേതൃത്വമാണ് സഭയ്ക്ക് ഏറ്റവും ആവശ്യം. ഇടയനും ആടുകളുമായുള്ള ബന്ധം പിതൃപുത്ര ബന്ധത്തോട് സാമ്യപ്പെടുത്തിയിരിക്കുന്നു.

മത്താ. 10:16 ൽ വീണ്ടും യേശു പറഞ്ഞിരിക്കുന്നു. ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിക്കുണ്ട്. അവ എന്റെ ശബ്ദം കേൾക്കും. ഒരു ആട്ടിൻ കൂട്ടവും ഒരു ഇടയനുമാകും.

**ഈ ആടുകൾ ആര് എന്നു നോക്കാം.**

നമ്മൾ മാത്രമാണ് ദൈവത്തിന്റെ ജനം എന്നാണ് യഹൂദജനം വിശ്വസിച്ചിരുന്നത്. പഴയ നിയമത്തിൽ ഇസ്രയേലിനെ മറ്റു ജനതകൾക്ക് പ്രകാശമായി കണ്ടിരുന്നു. (യെശ.42:6, 49:6)

1. മത്തായി 10:5-6. ജാതികളുടെ വഴിയെ പോകരുത് എന്ന് 12 അപ്പസ്തോലന്മാരെ അയയ്ക്കുമ്പോൾ യേശു പറയുന്നു

2. മത്തായി 15:26. മക്കളുടെ അപ്പം എടുത്ത് നായ്കുട്ടികൾക്ക് കൊടുക്കുന്നത് വിഹിതമോ എന്ന് യേശു കനാന്യ സ്ത്രീയോട് പറയുന്നു.

എന്നാൽ അബ്രഹാമിൽ നിന്നുള്ള വംശാവലികൊണ്ടുമാത്രം സ്വർഗ്ഗത്തിൽ പോകയില്ലെന്ന് യേശു പഠിപ്പിച്ചു. യോഹ.8:39, നല്ലശമര്യാക്കാരന്റെയും നന്ദികരേറ്റാൻ തിരികെ വന്ന ശമര്യന്റെയും കഫർന്നഹൂമിലെ ശതാധിപന്റെയും ഉപമയിലൂടെയും മത്താ.8:10-11 താൻ യഹൂദന്മാരുടെ മാത്രമല്ല ലോകത്തിന്റെ തന്നെ വെളിച്ചമാകുന്നു. യോഹ.8:12 എന്നുള്ള പ്രസ്താവനയിലൂടെയും എല്ലാം കാണാൻ സാധിക്കുന്നത് എല്ലാവരെയും കരുതുന്ന ദൈവത്തെയാണ്.

ജാതികളെ തെറ്റിപ്പോയ ആടുകളോട് ഉപമിച്ചിരിക്കുന്നു. അവർ എന്റെ ശബ്ദം കേൾക്കും. ഒരു ആട്ടിൻകൂട്ടവും ഒരു ഇടയനും, യഹൂദനും, ജാതികളും ഒന്നിച്ചു ചേർന്നുള്ള ക്രൈസ്തവസഭ താൻ അതിന്റെ ഇടയൻ പഴയനിയമത്തിൽ ആടുകളെ ജനത്തിനുവേണ്ടി ബലികഴിച്ചു എങ്കിൽ പുതിയ നിയമത്തിൽ ആടുകൾക്കുവേണ്ടി ഇടയൻ ബലിയായിത്തീരുന്നു. അതുമൂലം തന്റെ പിതാവ് തന്നെ സ്നേഹിക്കുന്നു. പിതാവിന്റെ അനുവാദത്തോടെയാണ് പുത്രൻ എല്ലാം ചെയ്യുന്നത്. ഇതിലൂടെ ഞാനും പിതാവും ഒന്നാകുന്നു എന്നുള്ള വചനം യഥാർത്ഥ്യമാകുന്നു.

# 40th Wedding Anniversary

18-02-2019



## T. I. Joseph (Thampy) & Money Joseph

Thanuvelil, Manjadi P. O, Thiruvalla

ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം ഞങ്ങളെ നടത്തി.

With love & Prayers, മക്കൾ , മരുമക്കൾ, കൊച്ചുമക്കൾ

Advt - O


# വിവാഹിതരായി



വെള്ളൂത്തുരുത്തി സെന്റ് മേരീസ് പള്ളി ഇടവകയിൽ ഇടശ്ശേരിൽ മാത്യൂസ് ജോസഫിന്റെയും സുജ മാത്യൂസിന്റെയും മകൻ **ജോസഫ് എം. ഇടശ്ശേരിയും** കോട്ടയം വലിയപള്ളി ഇടവകയിൽ കുറിശ്ശിമശ്ശേരിൽ എം. സി. തോമസ്സിന്റെയും അമ്മിണി തോമസ്സിന്റെയും മകൾ **അനു തോമസ്സും** 31-12-2018 തിങ്കളാഴ്ച വെള്ളൂത്തുരുത്തി പള്ളിയിൽ ആർച്ച്ബിഷപ്പ് സേവേറിയോസ് കുറിയാക്കോസ് വലിയ മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ വിവാഹിതരായി.

# വിവാഹിതരായി



പടിഞ്ഞാറ്റോതറ സെന്റ് ഗ്രീഗോറിയോസ് ഇടവകയിൽ കിഴക്കേ വട്ടോത്ര ഇ. കെ. തോമസിന്റെയും മിനിമോൾ തോമസിന്റെയും മകൻ **റ്റോം തോമസും** ചെന്നൈ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ കിഴക്കേതിൽ തോമസ് കുര്യന്റെയും സുജാതാ തോമസിന്റെയും മകൾ **അനുഷാ തോമസും** തമ്മിലുള്ള വിവാഹം 2019 ജനുവരി 19 ന് നടത്തപ്പെട്ടു.

## വനിതാ സമാജം സംയുക്ത വാർഷിക സമ്മേളനം



26-ാമത് വനിതാ സമാജം സംയുക്ത വാർഷിക സമ്മേളനം റാന്നി സെന്റ് തോമസ് വലിയ പള്ളിയിൽ ആർച്ച്ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു. അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്താ എന്നിവർ സമീപം.

# KNANAYA SAUDI ASSOCIATION

Kingdom of Saudi Arabia - Dammam
Managing Committe 2018-2019

**PRESIDENT**



**SUNNY CHANDY**
Alakukalumkkal
ST. Thomas Valiyapally
Ranny

**SECRETARY**



**BINO RAJAN**
Velukizhakethil House
ST. Thomas Valiyapally
Ranny

**PRAYER PRESIDENT**



**SAJU PUNNOOSE**
Mallappallil House
ST. Thomas Valiyapally
Ranny

**TRUSTE**



**SIBY JOSEPH**
Aykkattu House
ST. Thomas Valiyapally
Ranny

**SUNDAY SCHOOL HEADMASTER**



**JOMON KURIAKOSE**
Kavumkal House
ST. Thomas Valiyapally
Ranny

## Committe Members



**SAJI CHACKO**
Chenthiyil House
St. Mary's Church
Eraviperoor



**SABU ABRAHAM**
Kavumkal House
ST. Thomas Valiyapally
Ranny



**SUNIL MATHEW**
Charivukalayil House
St. Kuriakose Church
Aythala Ranny



**ROBY MARKOSE**
Vadakkemannil House
St. Thomas Kurishupally
Mannamaruthy Ranny



**RENJU THAMBY**
Plavelikunnumpurathu House
St. Mary's Church
Eraviperoor



**JACOB MATHEW**
Tharayil Mulackanchira House
St. John's Puthenpally
Chingavanam

# വിവാഹിതരായി



ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി ഇടവകയിൽ തിരുനിലം ബേബി. പി.കെ യുടെയും സൂസമ്മ ബേബിയുടെയും മകൻ **ജിബിൻ ബേബിയും**, റാന്നി ഇടക്കുളം സെന്റ് തോമസ്സ് കുരിശുപള്ളി ഇടവകയിൽ പുന്നുശ്ശേരിൽ വിനോയി പി. തോമസ്സിന്റെയും ആശ പി. പുന്നൂസിന്റെയും മകൾ **അക്സാ അന്നാ വിനോയി**യും തമ്മിലുള്ള വിവാഹം 2019 ജനുവരി 28 –ന് ചിങ്ങവനം സെന്റ് ജോൺസ് പുത്തൻ പള്ളിയിൽ നടത്തപ്പെട്ടു.

ആശംസകളോടെ:– **ഫാ. ബിബിൻ ബേബി തിരുനിലം & നീതു ബിബിൻ**


PROJECT BY

WAKE

KNANAYA WEDDINGS.COM

ക്നാനായ വെഡ്ഡിംഗ്സ്

നിങ്ങൾക്കു യോജിച്ച
ജിവിതപങ്കാളിയെ സമുദായത്തിൽ
നിന്നുതന്നെ കണ്ടെത്തൂ

www.knanayaweddings.com

എറണാകുളം +91 7025422022
+91 7025422011

ചിങ്ങവനം +91 9446146000

info@knanayaweddings.com | knanayaweddings@gmail.com



# CONGRATULATIONS



**Rev. Dr. Joseph Mathai Thenamkuzhiyil** has been awarded Doctorate in New Testment Theology From Dharmaram Vidya Kshethram by **Cardinal Rt. Rev. Mar. George Alencherry**.



**Rev. Dr. Joseph Mathai** with his family. Animol Oommen Joseph (wife, Kondoy Family Kuttoor) Aleena Achu Joseph, Merina Mariam Joseph, Serena Anna Joseph, Selin Susan Joseph (Daughters)

He is Settled in Houston, Texas, USA. He has completed his MSW in Medical and Psychiatry from M.G. University, Kerala.

## CONGRATULATIONS TO CA UNNI PUNNOOSE



With the Grace of God, we are happy to announce that UNNI PUNNOOSE has cleared his Chartered Accountancy examination. We congratulate him for his achievement and thank the almighty for his blessing. He is the son of Late A. I. Punnoose and Mini Punnoose Ambalapattu.

**Regards**

Dr. TharaPunnoose& Dr. Roji Kurian







## 1 –ാം ചരമവാർഷികം

**26–02–2019**



### ഏബ്രഹാം തോമസ്

**മാവേലിൽ, പള്ളം**

"ഞാൻ നല്ല പോർ പൊരുതു ഓട്ടം തികച്ചു വിശ്വാസം കാത്തു
ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു"

ഭാര്യ– റ്റീസാ തോമസ്
മക്കൾ– രഹിത–റോഷൻ, ദർശന–വിനോദ്,
സെമന്ത–നിർമ്മൽ
കൊച്ചുമക്കൾ– ജോയൽ, ക്രിസ്സ്

## 40 –ാം ചരമ ദിനം

**19–02–2019**



### പി. കെ. ഏബ്രഹാം

**കുഞ്ഞപ്പൻ (81)**

**പുത്തൻപറമ്പിൽ, കുറിച്ചി**

*സന്തപ്ത കുടുംബാംഗങ്ങൾ*

## വേർപാടിന്റെ 1 –ാം വാർഷികം

08 – 02 – 2019



# K. I. Thomas (Babu)

## (Deputy Commandant (Retd) - BSF)

## Perumkannaril, Pavukkara
## Mannar

We remember before our God and Father your work produced by faith, your labour prompted by love, and your endurance inspired by hope in our Lord Jesus Christ
(1 Thessalonians 1:3)

Wife, Children & Grandchildren

## 1st Death Anniversary
20 - 02- 2019

## 4th Death Anniversary
20 - 09 - 2019



**ഏലിയാമ്മ മാത്യു** (ലീലാമ്മ)

**മാത്തുക്കുട്ടി കെ. ഇ.** (മാത്തക്കുഞ്ഞ്)

കറയക്കള്ളിൽ, തിരുവൻവണ്ടൂർ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1 –ാം ചരമ വാർഷികം
25–02–2019



**കെ. ഒ. ഏബ്രഹാം**

(കൊച്ചുകുഞ്ഞ്)

കുന്നേൽ, കുറിച്ചി

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 40 –ാം ചരമ ദിനം
05–02–2019



**ബേബി ഏബ്രഹാം**

കുന്നുപറമ്പിൽ, വെളിയനാട്

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 1 –ാം ചരമ വാർഷികം

22-01-2019



## കുഞ്ഞുകുഞ്ഞു മാത്യു

ചിറയിൽ വീട്, സീതത്തോട്, മൂന്നുകല്ല്

**Inserted by, Rinu Ajeesh , Canada**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 –ാം ചരമ ദിനം

18-02-2019



## K. O. Kuruvilla

**Karippalil House**
**Chingavanam**

**(IN LOVING MEMORY OF OUR DEAREST PAPPA)**

By Sorrowing Family

## 12th Death Anniversary

**10 - 12- 2018**



## Kunjachen

## 2nd Birthday in Heaven

**29 - 01 - 2019**



## Joji P. Abraham

**Pulanchanaril, Channanikadu**

Sorrowing Family members

## 40 –ാം ചരമ ദിനം

08 – 02 – 2019



## P. K. Mathew (മാത്തുക്കുട്ടി)

പുന്നുച്ചേരിൽ, പാക്കിൽ

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 –ാം ചരമ ദിനം

02 – 03 – 2019



## മറിയാമ്മ കുരുവിള

മേമനക്കളീക്കൽ, തിരുവൻവണ്ടൂർ

"നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O



## 2nd Death Anniversary

28 – 06 – 2019

## MARY STEPHEN (Ammini)

PANARKUNNIL, RANNY
(Edmonton - Canada)

*With lots of love & Prayers*

Husband - Cherian Stephen (Babu)
Children - Asha and Anish
Son in law - Joe
Daughter in law - Carly
Grand Children - Samara, Sean, Sasha,
Nixon, Nyla and Sorrowing Family

Advt - R

4 – ാം ചരമവാർഷികം
04 – 03 – 2019

1 – ാം ചരമവാർഷികം
06 – 02 – 2019



ഏബ്രഹാം ചാക്കോ
(പാപ്പച്ചൻ)

തങ്കമ്മ ചാക്കോ

കണ്ണോത്ത് കൊച്ചുപറമ്പിൽ, കുന്നംങ്കരി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

40 – ാം ചരമദിനം
24 – 02 – 2019

1 – ാം ചരമവാർഷികം
18 – 02 – 2019



ഏലിയാമ്മ ചാക്കോ
(ഇളച്ചിക്കുട്ടി)

ഉതുപ്പാൻ ചാക്കോ

കാടാത്ത്, പച്ച, എടത്വാ.

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

പാവനസ്മരണയ്ക്ക്

60 – ാം ചരമ വാർഷികം
07 – 01 – 2019

16 – ാം ചരമ വാർഷികം
07 – 08 – 2019

7 – ാം ചരമവാർഷികം
29 – 06 – 2019

13 – ാം ചരമവാർഷികം
14 – 04 – 2019







പി.സി. ഏബ്രഹാം
(പാപ്പച്ചൻ)

മറിയാമ്മ ഏബ്രഹാം
(പെണ്ണമ്മ)

പി. എ. ചാക്കോ
(സണ്ണി)

പി. എ. തോമസ്
(തോമസുകുട്ടി)

പുളിമൂട്ടിൽ, കല്ലിശ്ശേരി

"നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 3 – ാം ചരമവാർഷികം

03 – 02 – 2019 06 – 07 – 2019



**N. I. ഇട്ടിയവിര മറിയാമ്മ ഇട്ടിയവിര**

നെടുംന്തറയിൽ, കുറ്റൂർ, തിരുവല്ല

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ "

Advt - S

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

22 – 02 – 2019



**കുഞ്ഞുഞ്ഞമ്മ മാത്യു**

പട്ടശ്ശേരിൽ, ചെങ്ങളം

"നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 2 – ാം ചരമവാർഷികം

07 – 03 – 2019



**അമ്മിണി കോര**

പൊക്കത്തിൽ, കുറിച്ചി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

ഭർത്താവ് – കെ. ജെ. കോര
മക്കൾ : ബെന്നി, ബിജു, ബിനു
മരുമക്കൾ : ലാലി, സന്ധ്യ, എൽജോ
കൊച്ചുമക്കൾ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

07 – 02 – 2019



**ചാക്കോച്ചൻ (70)**

ജോനകപറമ്പിൽ (മുളന്തുണ്ടിയിൽ), കുറിച്ചി

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്തു വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ"

ഭാര്യ – ലൈല
മക്കൾ , മരുമക്കൾ, കൊച്ചുമക്കൾ *സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 3-ാം ചരമവാർഷികം



**കെ. പി. തോമസ് (തോമാച്ചൻ)**

കൊണ്ടൂർ

മാതാ എഞ്ചിനീയറിംഗ് വർക്സ് , ചിങ്ങവനം

Advt -O

## 10 – ാം ചരമ വാർഷികം

04 – 03 – 2019



**ജോസഫ് സഖറിയ**

പാലക്കുടിയിൽ, ചിങ്ങവനം

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ ”

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

## 5 – ാം ചരമ വാർഷികം

01 – 02 – 2019



**വി. എ. ജയ്ക്കബ്**

വാഴക്കൽ, ഐത്തല

റാന്നി

സന്തപ്ത കുടുംബാംഗങ്ങൾ

Advt - O

| 3 – ാം ചരമവാർഷികം 01 – 01 – 2019 | 11 – ാം ചരമവാർഷികം 24 – 2 – 2019 |
|---|---|





**K. K. Philip** **Mariamma Philip**

**Kovoor, Angadi**
**Ranny**

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ ”

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

# മല്പാനോടു ചോദിക്കാം

**ആരാധനകളിലും ശുശ്രൂഷകളിലും എല്ലാ യാമപ്രാർത്ഥനകളിലും കൂദാശാനുഷ്ഠാനങ്ങളിലും വിശ്വാസ പ്രമാണം ചൊല്ലുന്നതിന്റെ കാരണം എന്ത്?**

എല്ലാ അപ്പോസ്തോലിക സഭകളിലും ആരാധനയിൽ വിശ്വാസപ്രമാണം ചൊല്ലുന്നുണ്ട്. നാം ചൊല്ലുന്ന വിശ്വാസ പ്രമാണം "നിഖ്യാ വിശ്വാസ പ്രമാണം" എന്ന പേരിലാണ് അറിയപ്പെടുന്നത്. ആദിമ സഭയിൽ അപ്പോസ്തോലന്മാർക്ക് ശേഷം പലവിധമായ വിശ്വാസ വിപരീതങ്ങൾ ഉടലെടുക്കുകയുണ്ടായി. പരി. ത്രിത്വം, യേശുവിന്റെ ആളത്വം, മനുഷ്യാവതാരം, രക്ഷാകര ശുശ്രൂഷ, പീഢാനുഭവം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, രണ്ടാം വരവ്, ന്യായവിധി, പരിശുദ്ധാത്മാവിന്റെ ആളത്വം, ആഗമനം, പ്രവർത്തനങ്ങൾ, മരണാനന്തര ജീവിതം, പരി. ദൈവമാതാവ് എന്നിങ്ങനെയുള്ള വിഷയങ്ങളിൽ വിശ്വാസ വിപരീതങ്ങൾ ഉടലെടുക്കുകയും വിശ്വാസികളുടെ ഇടയിൽ ആശയകുഴപ്പം ഉണ്ടാവുകയും ചെയ്ത സാഹചര്യം ഉണ്ടായി. അങ്ങനെ അപ്പോസ്തോലന്മാരാൽ സ്ഥാപിതമായ സത്യവിശ്വാസം ചോദ്യം ചെയ്യപ്പെടുകയും തെറ്റായ പഠിപ്പിക്കലുകൾ പ്രചരിക്കുകയും ചെയ്ത സാഹചര്യത്തിൽ ക്രിസ്ത്യാനിയായ കുസ്തന്തിനോസ് ചക്രവർത്തിയുടെ നേതൃത്വത്തിൽ ക്രൈസ്തവ സഭയിൽ വിവിധ സ്ഥലങ്ങളിൽ ശുശ്രൂഷ ചെയ്തിരുന്ന 318 പിതാക്കന്മാർ നിഖ്യാ എന്നു പറയുന്ന സ്ഥലത്ത് ഒന്നിച്ച് കൂടി വി. വേദപുസ്തകത്തിന്റേയും അപ്പോസ്തോലികമായ പഠിപ്പിക്കലുകളുടെയും അടിസ്ഥാനത്തിൽ വളരെ ചുരുങ്ങിയ വാക്കുകളിൽ രൂപപ്പെടുത്തി. പരി. ആകമാന സഭയ്ക്ക് സമർപ്പിച്ച സത്യവാചകങ്ങളാണ് നിഖ്യാ വിശ്വാസപ്രമാണം.

പരി. ത്രിത്വത്തിലും അതിലെ മൂന്ന് ആളത്വങ്ങളുടെയും പ്രവർത്തനങ്ങളും അതിലുള്ള വിശ്വാസവും നാം ഒരു ദിവസം തന്നെ പല പ്രാവശ്യം ആവർത്തിച്ച് ചൊല്ലുന്നു. ഒന്നാം ഖണ്ഡികയിൽ പിതാവായ ദൈവം ആരെന്നും പിതാവിന്റെ പ്രവർത്തനങ്ങൾ എന്തെന്നും ചുരുങ്ങിയ വാക്കുകളിൽ പ്രസ്താവിക്കുന്നു.

രണ്ടാം ഖണ്ഡികയിൽ യേശുക്രിസ്തുവിന്റെ നിത്യത, മനുഷ്യാവതാരം, രക്ഷാകര പ്രവർത്തനങ്ങൾ, പീഢാസഹനം, ക്രൂശുമരണം, പുനരുത്ഥാനം, രണ്ടാം വരവ്, ന്യായവിധി തുടങ്ങിയ രക്ഷാകര പ്രവർത്തനങ്ങളും വിവരിക്കുന്നു. യേശു ദൈവം എന്ന് നാം ഹൃദയം കൊണ്ട് വിശ്വസിച്ച് വായകൊണ്ട് അത് ഏറ്റുപറയുകയാണ് ചെയ്യുന്നത്.

മൂന്നാം ഖണ്ഡികയിൽ പരി. ത്രിത്വത്തിൽ മൂന്നാമത്തെ ആളത്വമായ പരി. റൂഹായുടെ ആഗമനവും, പഴയ നിയമകാലത്തിലെ പ്രവർത്തനങ്ങളും, ഇപ്പോഴത്തെ പ്രവർത്തനങ്ങളും പരി. സഭയുടെ സാർവ്വത്രിക സ്വഭാവവും ഏറ്റുപറയുന്നു.

നാലാം ഖണ്ഡികയിൽ ഏകസ്നാനത്തിന്റെ പ്രസക്തി, വിശ്വാസികളായ മരിച്ചവരുടെ ഉയർപ്പ്, വരുവാനിരിക്കുന്ന ലോകത്തിലുള്ള പ്രത്യാശ എന്നിവ പ്രസ്താവിക്കുന്നു.

വിശ്വാസ പ്രമാണത്തിലെ ഓരോ വാക്കുകളും വളരെ വിലപ്പെട്ടതാണ്. വി. വേദപുസ്തകത്തിന്റെയും, പരി. അപ്പോസ്തോലികന്മാരുടെ പഠിപ്പിക്കലുകളുടെ ഉള്ളടക്കവും വിശ്വാസപ്രമാണത്തിൽ ഉൾക്കൊള്ളുന്നു. ഒരു വ്യക്തി പരി.സഭയിൽ അംഗമായിത്തീരുന്ന സ്നാനശുശ്രൂഷ മുതൽ നിരന്തരമായി ഈ വിശ്വാസം ഏറ്റുചൊല്ലുന്നു എന്നു മാത്രമല്ല ഒരു വിശ്വാസി മരിക്കുമ്പോൾ ഏറ്റുചൊല്ലുന്നതും വിശ്വാസ പ്രമാണമാണ്.

ചുരുക്കത്തിൽ പരി. സഭയുടെ സത്യവിശ്വാസത്തിന്റെ അടിസ്ഥാനം മുഴുവൻ വിശ്വാസപ്രമാണത്തിൽ അടങ്ങിയിരിക്കുന്നതിനാൽ എല്ലാ യാമ പ്രാർത്ഥനകളിലും, ശുശ്രൂഷകളിലും ആരാധനകളിലും വിശ്വാസപ്രമാണം ശ്രദ്ധാപൂർവ്വം ഏറ്റുചൊല്ലേണ്ടതാണ്.

***മല്പാനോട് ചോദിക്കാം വിശ്വാസപരമായ സംശയങ്ങൾക്ക് മറുപടി നൽകുന്നു.***

വിലാസം

**മാനേജിംഗ് എഡിറ്റർ, ക്നാനായ ദീപം, ക്ലീമീസ് സെന്റർ, ചിങ്ങവനം പി.ഒ.,കോട്ടയം.**

# Post*info*

